# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.7/1651/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 13/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.7/1651/23 തീയ്യതി: 13/12/2023

## തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 09-10-2023 | 18-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-10-2023 | 18-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലീന.പി.ബി ( ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ))
ശ്രീ.എസ്.കെ.ശ്രീജിത്ത് ( സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി .കല.പി ( ഓഡിറ്റർ)
ശ്രീ. രഞ്ജിത്ത്.സി ( ഓഡിറ്റർ )

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഷൈലജ.എസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സുനിമോൾ.എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുനിമോൾ.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഷാരോൺ ബിൻ റഷീദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ജയകുമാർ.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| കുമാരി കെ.എൽ.മിനി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോക്ടർ.രഞ്ജിത്ത് .ആർ | വെറ്റിനറിസർജൻ | 01-04-2022 | 16-06-2022 |
| ഡോക്ടർ.കീർത്തി.എ.ജെ | വെറ്റിനറിസർജൻ | 17-06-2022 | 31-03-2023 |
| ഡോക്ടർ.സുധ.എ.പി | മെഡിക്കൽഓഫീസർ ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോക്ടർ.മനോജ്കുമാർ | മെഡിക്കൽഓഫീസർ ,എഫ്.എച്ച്.സി | 01-04-2022 | 25-04-2022 |
| ഡോക്ടർ. പാർവ്വതി.ജി.ആർ | മെഡിക്കൽഓഫീസർ,എഫ്.എച്ച്.സി | 26-04-2022 | 31-03-2023 |
| ശ്രീമതി.വിദ്യ.എസ്. | ഐ.സി,ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 30-04-2022 |
| ശ്രീമതി.നീതു കെ ജോസഫ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-05-2022 | 31-03-2023 |
| ശ്രീമതി.രഞ്ജിനി.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 21-10-2022 |
| ശ്രീമതി.പ്രീത.എസ്.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 22-10-2022 | 31-03-2023 |
| ശ്രീമതി.ദീപ്തി .ബി.എൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.സജീവ് കുമാർ.എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 02-11-2022 |
| ശ്രീ. പ്രശാന്ത് .എസ്. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 03-11-2022 | 31-03-2023 |
| ശ്രീമതി.ഷീബ.എൽ | വി.ഇ.ഒ ( 1 ) | 01-04-2022 | 31-03-2023 |
| ശ്രീമതി.രമ്യ.എൻ | വി.ഇ.ഒ (2) | 01-04-2022 | 25-01-2023 |
| ശ്രീമതി.അശ്വതി.എ.വിജയൻ | വി.ഇ.ഒ ( 2 ) | 26-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്ലോസിങ് സ്റ്റോക്ക്- മൂല്യം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-4 |
| 6 | Cheque Issued But Not Presented In Bank - തുക Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-5 |
| 7 | കാനറ ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രഡിറ്റ് ആയിട്ടില്ലായെന്ന് കാണുന്നു | 1-1-6 |
| 8 | വരവ് ഇനങ്ങളിലെ നീക്കിയിരിപ്പുതുകയും ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പുതുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകകളിലും വാർഷിക കണക്കു പ്രകാരമുള്ള ഡി സി ബി തുകകളിലും വ്യത്യാസം കാണുന്നു. | 1-1-8 |
| 10 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-1-9 |
| 11 | ജില്ലാ/ബ്ളോക്ക് പഞ്ചായത്ത് വിഹിതത്തിൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തൽ സുലേഖപ്രകാരമുള്ള ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | Contractors Retension ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-11 |
| 13 | ഗുണഭോക്തൃ വിഹിതമിനത്തിൽ 14,040/- രൂപ അവശേഷിക്കുന്നു - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ബജറ്റ് രൂപീകരണം | 1-2-1 |
| 16 | ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. | 1-2-2 |
| 17 | ഗ്രാന്റ് | 1-3 |
| 18 | വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്. | 1-3-1 |
| 19 | മുൻവർഷ ബാലൻസ് ഷീറ്റിൽ പട്ടിക 4 ലുള്ള തുകകൾ വ്യത്യാസമില്ലാതെ ബാദ്ധ്യതയായി ഈ വർഷത്തെ ബാലൻസ് ഷീറ്റിൽ കാണുന്നു. | 1-3-2 |
| 20 | സാമ്പത്തിക അവലോകനം | 1-4 |
| 21 | പദ്ധതി ആസൂത്രണം | 1-5 |
| 22 | ക്ഷേമപദ്ധതികൾ | 1-6 |

| | | |
|---|---|---|
| 23 | ക്ഷേമ പദ്ധതികളുടെ വിതരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-6-1 |
| 24 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | ഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-9 |
| 27 | എം എൻ ആർ ഇ ജി എസ് വരവ് ചെലവ് കണക്കുകൾ | 1-9-1 |
| 28 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--അപാകതകൾ | 1-9-2 |
| 29 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | തനത് വരുമാനം സംബന്ധിച്ച നിരീക്ഷണം | 1-11 |
| 31 | കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-12 |
| 32 | തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 366840 രൂപ നഷ്ടമായി | 1-13 |
| 33 | ബാലൻസ്ഷീറ്റ് പ്രകാരം 24,39,775/- രൂപയുടെ തനത് വരുമാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-14 |
| 34 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. | 1-15 |
| 35 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി | 1-16 |
| 36 | വാടക പൂർണ്ണമായും ഈടാക്കി അറിയിക്കേണ്ടതാണ്. | 1-17 |
| 37 | തിരുച്ചിട്ടപാറ ടൂറിസം പദ്ധതി, തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 38 | റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കി റോഡുകൾ പുനർ നിർമ്മിക്കുന്നതിന് അടിയന്തിര ഇടപെടൽ നടത്തേണ്ടതാണ്. | 1-19 |
| 39 | പാലിയേറ്റീവ് കെയർ പദ്ധതി ഫണ്ട് ആശുപത്രിയിലെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു | 1-20 |
| 40 | ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാ സഹായത്തിനായുള്ള തുക സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജില്ലാ പഞ്ചായത്തിന് കൈമാറി | 1-21 |
| 41 | അധിക ജീവനക്കാരുടെ നിയമനം- സർക്കാർ സാധൂകരണം വാങ്ങി അറിയിക്കേണ്ടതാണ്. | 1-22 |
| 42 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, 1,96,125/- രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല | 1-23 |
| 43 | ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കേണ്ടതാണ്. | 1-24 |
| 44 | കൺവീനർ മുഖാന്തിരം നിർവ്വഹിച്ച പ്രവർത്തിയിൽ അധികം തുക അനുവദിച്ചു- 9,252/- രൂപയുടെ അധികച്ചെലവ് | 1-25 |
| 45 | സൈഡ് വാൾ നിർമ്മാണത്തിൽ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ശരിയായ രീതിയിൽ തയാറാക്കേണ്ടതാണ് | 1-26 |
| 46 | ജനൽ നിർമ്മാണത്തിൽ തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചു - 13,040 | 1-27 |

| | | |
|---|---|---|
| | /- രൂപയുടെ ചെലവ് തടസം ചെയ്യുന്നു. | |
| 47 | മിനി എം.സി എഫ് നിർമ്മാണത്തിൽ അധികം തുക നൽകി- 5,861/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-28 |
| 48 | ഇ ടെൻഡർ ഫീ തുകകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-29 |
| 49 | റൂഫിംഗ്,ബിൻ നിർമ്മാണത്തിന് ഉയർന്ന നിരക്ക് നൽകി പ്രവർത്തി നിർവ്വഹിച്ചു- 76,469/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-30 |
| 50 | തെറ്റായ സ്പെസിഫിക്കേഷൻ നൽകി പ്രവർത്തി നിർവ്വഹിച്ചു- 5,044/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-31 |
| 51 | ഉയർന്ന സ്പെസിഫിക്കേഷൻ നൽകി പ്രവർത്തി നിർവ്വഹിച്ചു- 11,301/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-32 |
| 52 | ഓഡിറ്റ് പരാമർശത്തെ തുടർന്ന് വാഹന കരാറുകാരനിൽ നിന്നും നികുതി ഈടാക്കി | 1-33 |
| 53 | ഹരിത കർമ്മസേനാ പ്രവർത്തനത്തിനായി ലഭിച്ച ഇലക്ട്രിക് വാഹനം നിഷ്ക്രിയ ആസ്തിയായി തുടരുന്നു | 1-34 |
| 54 | ലിമിറ്റഡ് ടെൻഡർ നടപടി ക്രമങ്ങൾ പാലിക്കാതെ ഹരിതകർമ്മ സേനയ്ക്കായി സാധനങ്ങൾ വാങ്ങി | 1-35 |
| 55 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-36 |
| 56 | മുറ്റത്തൊരു മീൻ തോട്ടം - ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലെ അപാകത | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ /വായ്പാതരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1-1 കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04/08/23 തിയ്യതിയിലെ 5(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07/08/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആനാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-3-23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാനഅനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ ഇവ കൂടി ഉൾപ്പെടുത്തുന്നതാണെന്നാണ് എൻക്വയറി 04/22 പ്രകാരം ലഭിച്ച മറുപടി.
B. ബാലൻസ് ഷീറ്റ് ബി1 ഷെഡ്യൂളിലെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ B-1 (ലാന്റ് സ്കെയിപ്പിലുള്ളത്) ഷെഡ്യൂൾ വാർഷിക പത്രികക്കൊപ്പം ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് ( 04/22, 10/10/23) ILGMS സോഫ്റ്റ്‌വെയറിൽ B1 ലാന്റ് സ്കേപ്പിലുള്ള ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല എന്നു മറുപടി നൽകി.

## 1-1-2 ക്ലോസിങ് സ്റ്റോക്ക്- മൂല്യം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ തൻ വർഷം വിവിധ പദ്ധതികളിലായി സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ വിലരേഖപ്പെടുത്തുന്നില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ)). ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (04/22, 10/10/23)- ILGMS മാർഗ്ഗ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് തുടർന്ന് വരുന്ന വർഷങ്ങളിൽ ഇതുകൂടി ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചു. സ്റ്റോക്കിന്റെ മൂല്യം നിർണ്ണയിച്ച് വാർഷിക കണക്കിൽ

ഉൾപ്പെടുത്തണം.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ ലഭ്യമാക്കിയില്ല. ആസ്തികൾ ആർജ്ജിച്ച തീയതി, മൂല്യം, അസ്തിത്വം, മൂല്യശോഷണം, മൂല്യവർദ്ധനവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള തുകയായ 14214507/- സ്ഥിരാസ്തികളുടെ (Fixed Assets) അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5368610/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 28318406/- രൂപയാണ്. ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (04/22, 10/10/23)- ILGMS സോഫ്റ്റ് വെയറിൽ വ്യക്തമായ മാറ്റം വരുത്തിയാൽ മാത്രമേ കൃത്യമായ റിപ്പോർട്ട് നൽകാൻ കഴിയൂ എന്നറിയിക്കുകയുണ്ടായി.

### 1-1-5 Cheque Issued But Not Presented In Bank - തുക Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

തനത് ഫണ്ട് അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 799013000000467, സബ് ട്രഷറി) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Issued But Not Presented In To Bank എന്ന ഹെഡ്ഡിൽ കാലാവധി കഴിഞ്ഞ 14,345/- (തീയതി 14.07.22) രൂപയുടെ ചെക്ക് ഉൾപ്പെട്ടിട്ടുണ്ട്. ആയത് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/22, 10/10/23) ഈ സാമ്പത്തിക വർഷം റീക്കൺസിലിയേഷൻ കാലികമാക്കിയിട്ടുണ്ട് എന്ന് അറിയിച്ചു.

### 1-1-6 കാനറ ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രഡിറ്റ് ആയിട്ടില്ലായെന്ന് കാണുന്നു

കാനറ ബാങ്കിൽ നിക്ഷേപിച്ച താഴെ പറയുന്ന ചെക്ക് തുകകൾ സാമ്പത്തിക വർഷാവസാനം വരെ ക്രഡിറ്റ് ആയിട്ടില്ലായെന്ന് കാണുന്നു.

2023 മാർച്ച് മാസത്തെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാനറ ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രഡിറ്റ് ആയിട്ടില്ലായെന്ന് കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|
| 119090900083 | 18/3/20 | 769 |
| 119090900054 | 29/4/20 | 7250 |
| 11909090001 | 26/5/20 | 12000 |
| 1190950001 | 29/7/19 | 9036 |
| 118091000001 | 3/9/2018 | 15750 |
| | ആകെ | 44805 |

പ്രസ്തുത തുകകൾ ക്രഡിറ്റ് ആകാത്തത് സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/22, 17/10/23) മറുപടി ലഭ്യമാക്കിയില്ല.

### 1-1-7 വരവ് ഇനങ്ങളിലെ നീക്കിയിരിപ്പുതുകയും ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പുതുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന തനതു വരുമാന ഇനങ്ങളിലെ വിവരങ്ങൾ (ഡിമാന്റ്, കളക്ഷൻ, ബാലൻസ്) പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | ഡിമാന്റ് | ഈവർഷത്തെ കളക്ഷൻ | AFS-ലെ Balance |
|---|---|---|---|---|
| 1 | Property Tax On Residential Buildings (Current) | 2116876 | 1656734 | 481367 |
| 2 | Property Tax On Residential Buildings (Arrear) | 2473006 | 1007850 | 913644 |

| | | | | |
|---|---|---|---|---|
| 3 | Property Tax On Non Residential Buildings (Current) | 2598039 | 2223528 | 368942 |
| 4 | Property Tax On Non Residential Buildings (Arrear) | 1273940 | 722284 | 669897 |
| 5 | Profession Tax-Traders (Current) | 450060 | 154310 | 0 |
| 6 | Profession Tax Traders (Arrear) | 0 | 12400 | 0 |
| 7 | Rent Receiable From Buildings (Current) | 260052 | 218692 | 33048 |
| 8 | Licence Fee For Factories, Traders, Entrepreneuors And Other Services (Current) | 311940 | 279940 | 0 |
| 9 | Icence Fee For Factories, Traders, Entrepreneuors And Other Services (Arrear) | 0 | 14000 | 0 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (06/22, 10/10/23) മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്ക് പ്രകാരമുള്ള രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-1-8 രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകകളിലും വാർഷിക കണക്ക പ്രകാരമുള്ള ഡി സി ബി തുകകളിലും വ്യത്യാസം കാണുന്നു.

ചുവടെ ചേർക്കുന്ന ഇനങ്ങളിൽ രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകകളിലും വാർഷിക കണക്ക പ്രകാരമുള്ള ഡി സി ബി തുകകളിലും വ്യത്യാസം കാണുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| Rent From Buildings | 260052 | 218692 | രേഖപ്പെടുത്തിയിട്ടില്ല |
| Auction | 107500 | 107500 | രേഖപ്പെടുത്തിയിട്ടില്ല |
| Profession Tax -Traders | 450060 | 154310 | രേഖപ്പെടുത്തിയിട്ടില്ല |
| പ്രൊഫഷൻ ടാക്സ് (എംപ്ളോയീസ് | 1212811 | 1179561 | 1212811 |
| License Fee For Factories, Traders, Entrepreneurs And Other Services | 311940 | 279940 | 233592 |

രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകയും വാർഷിക കണക്ക പ്രകാരമുള്ള ഡി സി ബി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-1-9 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ഡെപ്പോസിറ്റ് വർക്ക് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രസ്തുത തുകകൾ ബാലൻസ് ഷീറ്റിൽ ബാദ്ധ്യതാ ഹെഡിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/22, 11/10/23) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

| ക്രമ നം. | ഇനം | മുന്നിരിപ്പ് തുക | തൻവർഷം ചെലവഴിച്ച തുക (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് തുക |
|---|---|---|---|---|
| 1 | Advance To Implementing Agencies-Deposit With KWA | 5219286 | 1255300 | 6474586 |
| 2 | Advance To Ground Water Authority | -- | 603000 | 0 |

## 1-1-10 ജില്ലാ/ബ്ളോക്ക് പഞ്ചായത്ത് വിഹിതത്തിൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തൽ സുലേഖപ്രകാരമുള്ള ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല.

ജില്ലാ/ബ്ളോക്ക് പഞ്ചായത്തുകളുടെ പ്രോജക്റ്റ് വിഹിതത്തിൽ വാർഷിക കണക്കിലെ ചെലവു തുകയിൽ വ്യത്യാസം കാണുന്നു.

| | മുന്നിരിപ്പ് | AFS- ലെ I -6 പ്രകാരമുള്ള തുക | സുലേഖ പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് B/S B4 പ്രകാരം | വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| Contrubution For Joint Venture Projects (Revenue)--From District Panchayat | 676006 | 2122425 | 2150925 | 676006 | 28500 |
| Contrubution For Joint Venture Projects (Revenue)--From Block Panchayat | 651482 | 2188722 | 2338722 | 651482 | 150000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 08/22, 11/10/23) 2021-22 വർഷം സ്നേഹ സ്പർശം പദ്ധതിയ്ക്ക് ജില്ലാപഞ്ചായത്ത് വിഹിതമായി അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 28500/- രൂപയും, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 150000/- രൂപയും 2022-2023 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെലവഴിച്ചിട്ടുള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ചെലവ് തുക ക്രമീകരിച്ച് അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-11 Contractors Retension ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം

Contractors Retension ഇനത്തിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് (B-7) | വരവ് (RP-33) | ചെലവ് (RP-33) | B7-ലെ നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|
| Contractors Retension | 209218 | 127938 | 35005 | 297360 | 4791 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/22, 11/10/23) മറുപടി ലഭ്യമാക്കിയില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റ് തുകകൾ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. B-7 പ്രകാരമുള്ള ഡെപ്പോസിറ്റുകളിൽ അത്തരത്തിലുള്ള തുകകൾ ഉണ്ടോയെന്ന് പരിശോധിച്ച്, ആയത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-12 ഗുണഭോക്തൃ വിഹിതമിനത്തിൽ 14,040/- രൂപ അവശേഷിക്കുന്നു - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

B-4 Schedule പ്രകാരം വിനിയോഗിക്കാതെ ഗുണഭോക്തൃ വിഹിതമിനത്തിൽഅവശേഷിക്കുന്ന 14,040/- രൂപ ഏതിനത്തിലുള്ളതാണെന്നും പ്രോജക്ട് നം, വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (04/22, 10/10/23) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 26/03/2022 -ാം തീയതിയിൽ തീരുമാനം നമ്പർ (1) പ്രകാരം അംഗീകരിച്ചു. 09.03.2023 -ാം തീയതി നടന്ന സാധാരണ യോഗത്തിലെ 17/1 -ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബഡ്ജറ്റ് അംഗീകരിച്ച് തീരുമാനിച്ചു.

### 1-2-1 ബജറ്റ് രൂപീകരണം

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | ബജറ്റ് സംക്ഷിപ്തം | പുതുക്കിയ ബജറ്റ് സംക്ഷിപ്തം |
|---|---|---|
| മുന്നിരിപ്പ് | 21221000 | 12250839 |
| വരവ് | 262206000 | 225057200 |
| ആകെ | 283427000 | 237308039 |
| ചെലവ് | 263975000 | 223828619 |
| നീക്കിയിരിപ്പ് | 19452000 | 13479420 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയമായിട്ടാകണം വാർഷിക ബജറ്റ്

രൂപീകരിക്കേണ്ടത്. സ.ഉ.(സാധാ) നം.3291/2016/തസ്വഭവ തീയതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

2. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല :- 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

3. പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

## 1-2-2 ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു.

1. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 12250839 | 15175179 |
| തൻവർഷം വരവ് | 225057200 | 66575036 |
| ആകെ വരവ് | 237308039 | 81750215 |
| ചെലവ് | 223828619 | 61206426 |
| നീക്കിയിരിപ്പ് | 13479420 | 20543789 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (21/22, 17/10/23) വരും വർഷത്തെ ബജറ്റ് തയ്യാറാക്കുന്ന വേളയിൽ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്ക് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തുന്നതായിരിക്കുമെന്ന് അറിയിച്ചു.

2. വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | Property Tax | 8500000 | 4714915 |
| 2 | 1303001 | Rent From Halls Auditoium | 10000 | 0 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/22, 17/10/23) തുടർ വർഷങ്ങളിൽ ഇപ്രകാരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ്-നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 31349398 | 30085204 | 1264194 |
| വികസനഫണ്ട് (SCP) | 0 | 7790156 | 5353822 | 2436334 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 9710793 | 11005848 | -1295055 |

| | | | | |
|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5345938 | 2648849 | 2697089 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 8268000 | 7793948 | 474052 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 16194000 | 16194000 | 0 |
| CSS | 0 | 0 | 2600721 | -2600721 |
| SSS | 0 | 0 | 0 | 0 |

## 1-3-1 വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

വിവിധ ഫണ്ടുകളുടെ ചെലവു ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ സുലേഖ പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം (I 6+ Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 30085204 | 26825307 | 26463564 + 3621640 = 30085204 |
| വികസന ഫണ്ട് (എസ്.സി.പി) | 5353822 | 5149400 | 5353822 |
| വികസന ഫണ്ട് (CFC Tied) | 11005848 | 11005848 | 7929570 |
| വികസന ഫണ്ട് (CFC Untied) | 2648849 | 2648849 | 2271629 + 381226 = 2652855 |
| Maintenance Fund Non-road | 7793948 | 8268000 | 7628003 + 639997 = 8268000 |

ഇത സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (09/22, 11/10/23) മറുപടി ലഭ്യമാക്കിയില്ല. വാർഷിക ധനകാര്യപത്രികയും എ.സി.ആറും പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-3-2 മുൻവർഷ ബാലൻസ് ഷീറ്റിൽ പട്ടിക 4 ലുള്ള തുകകൾ വ്യത്യാസമില്ലാതെ ബാദ്ധ്യതയായി ഈ വർഷത്തെ ബാലൻസ് ഷീറ്റിൽ കാണുന്നു.

| ഹെഡ്സ് | ഇനം | തുക |
|---|---|---|
| 320100105 | Awards And Honours—Central Government | 300000 |
| 320100181 | Total Sanitation Campaign | 976214 |
| 320100193 | Drought Relief Grant | 2579 |
| 320100199 | Grant For Keralotsavam | 20000 |
| 320100999 | Other Liabilities | 1390371 |
| 320200399 | Grants, Funds & Contribution For Specific Purposes—Other Than Development Fund And State Sponsored Scheme Funds -Other Purposes | 62500 |
| 320300102 | Grants, Funds & Contribution For Specific Purposes—Other Government Agencies--Jalanidhi | 10000 |
| 320300103 | Grants, Funds & Contribution For Specific Purposes—Other Government Agencies—Total Sanitation | 2093911 |
| 320400199 | Grants, Funds & Contribution For Specific Purposes—Other Financial Institutions | 1927003 |
| 320500101 | Grants, Funds & Contribution For Specific Purposes—Welfare Bodies--Capital | 337652 |
| 320700204 | Contribution For Joint Venture Project (For Capital Contribution) From Block Panchayat | 651482 |
| 320700205 | Contribution For Joint Venture Project (For Revenue Contribution) From Dist Panchayat | 647506 |

| | | |
|---|---|---|
| 320700404 | Contribution For Other Specific Purposes (For Revenue Expenditure) From Dist Panchayat | 28500 |
| 320800101 | Beneficiary Contribution | 80441 |
| 320200207 | Fund For Transferred Instirutions- Ayurveda-Capital | 305503 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (09/22, 11/10/23) (11/22, 11/10/23) മറുപടി ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിൽ ഇപ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് ഉൾപ്പെടെ പ്രോജക്ട് രൂപീകരിച്ച് തുക പൂർണ്ണമായും ചെലവഴിക്കുകയോ, ബന്ധപ്പെട്ട ഫണ്ടിൽ തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-4 സാമ്പത്തിക അവലോകനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 15175179 |
| ഓഡിറ്റ് വർഷത്തെ വരവ് | 66575036 |
| ആകെ | 81750215 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61206426 |
| നീക്കിയിരിപ്പ് | 20543789 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 436493078/- രൂപയും ചെലവ് 428052798/- രൂപയുമാണ്.


## 1-5 പദ്ധതി ആസൂത്രണം

1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.


| 1 | 2 | 3 | 4 |
|---|---|---|---|
| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസന ഫണ്ട് ജനറൽ | 36684000 | 30085204 | 6598796 |
| വികസനഫണ്ട് (എസ്.സി.പി) | 8199000 | 5353822 | 2845178 |
| മെയിന്റനൻസ് നോൺ റോഡ് | 8268000 | 7793948 | 474052 |
| മെയിന്റനൻസ് റോഡ് | 16194000 | 16194000 | Nil |
| ആകെ | 69345000 | 59426974 | 9918026 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




(2)




<u>പദ്ധതി നിർവ്വഹണം</u>

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഉൾപ്പെടെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 12 | 2 | 3849910 | 1209500 | 31 |
| വെറ്റിനറി ഉദ്യോഗസ്ഥൻ | 8 | 8 | 0 | 3901000 | 2127720 | 55 |
| മെഡിക്കൽ ആഫീസർ (ആലോപ്പതി) | 11 | 9 | 2 | 7171936 | 5833837 | 81 |
| മെഡിക്കൽ ആഫീസർ (ഹോമിയോ) | 1 | 1 | 0 | 300000 | 300000 | 100 |
| മെഡിക്കൽ ആഫീസർ (ആയുർവേദം) | 2 | 2 | 0 | 3037323 | 3037323 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 15 | 14 | 1 | 83199625 | 9087919 | 11 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 15 | 14 | 1 | 16320172 | 6233300 | 38 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 18 | 18 | 0 | 7872338 | 7765038 | 99 |
| സെക്രട്ടറി | 41 | 35 | 6 | 24620790 | 16950670 | 69 |

| | | | | | | |
|---|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 11 | 10 | 1 | 2303750 | 2112883 | 92 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 75 | 10 | 48319617 | 31629319 | 65 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 3178097 | 3177017 | 100 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 0 | 240000 | 24000 | 10 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 0 | 4993224 | 2702616 | 54 |

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 39497728 | 30085204 | 76 |
| എസ്.സി.പി. | 8199000 | 5353822 | 65 |
| ടി.എസ്.പി. | 0 | 0 | 0 |
| ധനകാര്യകമ്മിഷൻ അവാർഡ് | 20289270 | 13654697 | 67 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4178904 | 2600721 | 62 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2500000 | 0 | 0 |
| തനത് ഫണ്ട് | 15558343 | 7506609 | 48 |
| ബ്ളോക്ക് പഞ്ചായത്ത് | 4100722 | 2338722 | 57 |
| മറ്റ് ജില്ലാപഞ്ചായത്ത് | 5870862 | 2150925 | 37 |
| മെയിന്റനൻസ് നോൺ റോഡ് | 9350992 | 7793948 | 83 |
| മെയിന്റനൻസ് റോഡ് | 19587428 | 16194000 | 83 |
| മറ്റുള്ളവ | 79625233 | 4469160 | 0.1 |
| ആകെ | 209307782 | 92191142 | 44 |

ആസൂത്രണ സമിതി

1. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 02/22, 09/10/23 പ്രകാരം ലഭ്യമായ മറുപടിയിൽ ആനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07/12/2021 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട് എന്നറിയിച്ചു.

2. പുനസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം മാർഗ്ഗരേഖയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 1ൽ രേഖപ്പെടുത്തേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടിക്രമം പാലിച്ചിട്ടില്ല. ആകെ 18 പേർ അടങ്ങുന്ന അംഗങ്ങളാണ് ആസൂത്രണ സമിതിയിൽ ഉൾപ്പെടുന്നത്. വിഷയവിദഗ്ദർ ഒന്നും ആസൂത്രണ സമിതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ആസൂത്രണസമിതിയുടെ മിനിട്സ് പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്. ആസൂത്രണ സമിതി 2022-23 സാമ്പത്തിക വർഷത്തിൽ ആകെ ഒരു പ്രാവശ്യം മാത്രമാണ് യോഗം കൂടുകയുണ്ടായത്. ആദ്യയോഗം 17/10/22- ൽ കൂടുകയുണ്ടായി. ഈ യോഗത്തിൽ 11 പേർ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിഷയതീരുമാനങ്ങൾ ഉൾപ്പെടുത്തിയ ചർച്ചയോ നിർദ്ദേശങ്ങളോ ഒന്നും തന്നെ നടന്നതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും

നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ് സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ മിന്ട്സ് പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉൾപ്പെട്ടതായി കാണാൻ കഴിഞ്ഞു

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | 09/05/22 | 1. മണ്ണും വീടും പദ്ധതിയ്ക്ക് വേണ്ടി പഞ്ചായത്ത് ഭൂമി കണ്ടെത്തുകയും ഭവനസമുച്ചയം നിർമ്മിക്കുകയും ചെയ്യുക<br>2. ഉൽപ്പന്നങ്ങൾക്ക് വിപണനകേന്ദ്രം സ്ഥാപിക്കുക. |
| 2 | ദുരന്ത നിവാരണം | 01/07/22 | 1. കാർഷിക വിളകൾ നശിപ്പിക്കുന്നതിനാൽ വന്യമൃഗങ്ങളുടെ ശല്യം നിയന്ത്രിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക<br>2. മാലിന്യ സംസ്കരണത്തിന് വേണ്ട പ്രോജക്ടുകൾ നടപ്പിലാക്കുക. |
| 3 | കുടിവെള്ളം, ശുചിത്വം | 05/04/22 | 1. ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വീടുകളിലും പൈപ്പ് ലൈൻ കണക്ഷൻ എത്തിക്കുക.<br>2. വീടുകളിലെ മലിനജലം തോടുകളിലും മറ്റു ജലസ്രോതസ്സുകൾ ,പുരയിടം എന്നിവയിൽ ഒഴുകുന്നത് തടയുക |
| 4 | പൊതുമരാമത്ത് | 09/05/22 | 1. പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങൾ, അംഗൻവാടികൾ, സ്കൂളുകൾ തുടങ്ങിയവയുടെ പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തീകരിക്കുക<br>2. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| 5 | കൃഷി | 09/05/22 | 1. തരിശുഭൂമി പ്രോൽസാഹന പദ്ധതി<br>2. കാർഷിക കർമ്മസേന വഴി തൊഴിലുറപ്പ് ജോലികൾ മെച്ചപ്പെടുത്തുക |

പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി നം. 27 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രകാരമുള്ള പദ്ധതികൾ പൂർണ്ണമായിട്ടില്ല എന്ന വിശദീകരണം ലഭ്യമായിട്ടുണ്ട്. ആയവ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേനെ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27 – 18/10/23) ലഭ്യമായ മറുപടി പ്രകാരം താഴെ പറയും വിധം പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | റിമാർക്സ് |
|---|---|---|---|---|
| 1 | സേവനം | അതീവ ഗുരുതരം | ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും തെരുവുവിളക്ക് സ്ഥാപിക്കൽ | പരിഹാര നടപടിയ്ക്കായി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട് |
| | | | വേട്ടപ്പള്ളി വാർഡിലെ കുടിവെള്ള പ്രശ്നം | പ്രശ്ന പരിഹാരത്തിനായി യാതൊരു നടപടിയും |

| | | | | |
|---|---|---|---|---|
| | | | | എടുത്തിട്ടില്ല |
| 2 | ധനകാര്യം | അതീവ ഗുരുതരം | അപൂർണ്ണമായ നികുതി പിരിവ്<br>മാലിന്യ സംസ്കരണത്തിന് സ്ഥലദൗർലഭ്യം | പരിഹാര നടപടികൾ രൂപികരിച്ചിട്ടുണ്ട് |
| 3 | കൃഷി | ഗുരുതരം | ക്ഷീരകർഷകർ ഈ മേഖല ഉപേക്ഷിച്ച് മറ്റു തൊഴിൽ തേടുന്നു<br>തരിശു ഭൂമി കൃഷി പദ്ധതി | ക്ഷീര/കാർഷിക മേഖലയിൽ പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട് |
| 4 | ദാരിദ്ര്യ ലഘൂകരണം | ഗുരുതരം | തൊഴിലില്ലായ്മ വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ | പരിഹാര നടപടിയ്ക്കായി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട് |
| 5 | ആരോഗ്യം | അതീവ ഗുരുതരം | കുടുംബരോഗ്യകേന്ദ്രത്തിൽ എത്തുന്ന രോഗികൾക്ക് ആവശ്യമായ മരുന്ന് നൽകൽ<br>കിടപ്പു രോഗികൾക്ക് ആവശ്യമായ പരിചരണം ലഭ്യമാക്കുക | പരിഹാര നടപടിയ്ക്കായി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട് |

മേൽ പദ്ധതികൾ പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഗ്രാമസഭകൾ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1 (1) പ്രകാരം വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.

ഗ്രാമസഭാമിനിട്സുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള നിബന്ധനകൾ ഇല്ലാത്തതായി കാണുന്നു.

2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എല്ലാ വാർഡുകളിലെയും ഗ്രാമസഭാ യോഗം വർഷത്തിൽ മൂന്നു പ്രാവശ്യം മാത്രമേ നടന്നതായി കാണുന്നുള്ളൂ.

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്നുണ്ട് എന്നാൽ ആ നിർദ്ദേശം പാലിച്ചിട്ടില്ല. ഗ്രാമസഭ മിനിട്സ് പൂർണമാക്കി കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണം അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന് ലഭിക്കുന്ന പണം അടിസ്ഥാന വികസന പ്രവർത്തനങ്ങളിലൂന്നി മാർഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി ചെലവഴിച്ച് ലക്ഷ്യ പ്രാപ്തി നേടുന്നതിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 720 | 1 |
| 2 | കർഷകതൊഴിലാളി പെൻഷൻ | 6159800 | 646 |
| 3 | വിധവ പെൻഷൻ | 18377600 | 1909 |
| 4 | വാർദ്ധക്യകാലപെൻഷൻ | 30603400 | 3252 |
| 5 | വികലാംഗപെൻഷൻ | 5089000 | 488 |
| 6 | വിവാഹധനസഹായം | 300000 | 10 |

| | | | |
|---|---|---|---|
| 7 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 575200 | 1909 |

## 1-6-1 ക്ഷേമ പദ്ധതികളുടെ വിതരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ

1. സേവന സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പരിശോധയ്ക്ക് വിധേയമാക്കിയതിൽ പല പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ തുക വർഷങ്ങളായി കൈമാറാൻ സാധിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുക കൈമാറുന്നത് വർഷങ്ങളായി മുടങ്ങിയിട്ടും ടി ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്റ്റീവ് ആയി തുടരുന്നുണ്ട്. മരണപ്പെട്ടതായി സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തികളുടെ പെൻഷൻ സ്റ്റാറ്റസ് പോലും ഇത്തരത്തിൽ ആക്റ്റീവ് ആയി തുടരുന്നുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ ഐഡി | പെൻഷണറുടെ പേര് | ഇനം | പ്രതിമാസ പെൻഷന് തുക | സ്റ്റാറ്റസ് | ഒടുവിലായി പെൻഷൻ കൈമാറിയത് | ബിൽ, സ്റ്റാറ്റസ്, റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | 102630400277 | അനിൽകുമാർ | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 1600 | ആക്റ്റീവ് | 2019, ജൂലൈ | തടഞ്ഞ്, വച്ചിരിക്കുന്നു. മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 2 | 102630600413 | സരോജം റ്റി | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 1600 | ആക്റ്റീവ് | 2019, ഏപ്രിൽ | 2019 മെയ് മുതൽ 2019 ജൂലൈ വരെയുള്ള തുക മരണപ്പെട്ടതിനാൽ കൈമാറാൻ സാധിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 2019 ആഗസ്റ്റ് മുതൽ 2023 ജൂൺ വരെയുള്ള പെൻഷൻ തടഞ്ഞ് വച്ചിരിക്കുന്നു. (മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.) |
| 3 | 102630600250 | സുന്ദരി | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 600 | ആക്റ്റീവ് | 2017 നവംബർ | 2017 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള തുക പെൻഷണർ മരണപ്പെട്ടതിനാൽ കൈമാറാൻ സാധിച്ചില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ശേഷം മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ തടഞ്ഞ് വച്ചിരിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു |
| 4 | 102630600196 | ലക്ഷ്മി സി | ഇന്ദിരാഗാന്ധി | 1600 | ആക്റ്റീവ് | 2018 | 2018 ഡിസംബർ മുതൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ദേശീയ വിധവ പെൻഷൻ സ്കീം) | | | നവംബർ | 2019 ജൂലൈ വരെയുള്ള പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. (Account Closed Or Transferred) ശേഷം മസ്റ്ററിങ്ങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ തടഞ്ഞ് വച്ചിരിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു |
| 5 | 102630201904 | വിജയലക്ഷ്മി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | ആക്റ്റീവ് | 2019 ജൂലൈ | ശേഷം മസ്റ്ററിങ്ങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ തടഞ്ഞ് വച്ചിരിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു |
| 6 | 102630200949 | ശകുന്തള | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 600 | ആക്റ്റീവ് | 2022 ജൂൺ | 2022 ജൂലൈ മുതൽ 2022 ആഗസ്റ്റ് വരെയുള്ള പെൻഷൻ പെൻഷണർ മരണപ്പെട്ടതിനാൽ കൈമാറാൻ സാധിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 2022 സെപ്റ്റംബർ മുതൽ 2023 ജൂൺ വരെയുള്ള പെൻഷൻ തുക കൈമാറാൻ സാധിച്ചിട്ടില്ല, ഡോർ ക്ലോസ്ഡ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |

500 ൽ അധികം പെൻഷൻ ഗുണഭോക്താക്കൾക്ക് ഇത്തരത്തിൽ പലവിധ കാരണങ്ങളാൽ പെൻഷൻ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്ന വിവരം സേവന സോഫ്റ്റ്‌വെയറിലെ Bill Discrepacy Report പ്രകാരം ലഭ്യമാണ്. പെൻഷൻ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പെൻഷൻ ഗുണഭോക്താക്കളുടെ വിഷയത്തിൽ കൃത്യമായ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരവും മരണപ്പെട്ടവരെ, പെൻഷൻ, ഗുണഭോക്താക്കളുടെ, പട്ടികയിൽ നിന്നും ഒഴിവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 29 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ തുക വർഷങ്ങളായി കൈമാറാൻ സാധിക്കാത്ത പെൻഷൻ ഗുണഭോക്താക്കളുടെ വിഷയത്തിൽ കൃത്യമായ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന. തീയതി. 02-08-2021 ലെ നിർദ്ദേശങ്ങൾ പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണെന്നും മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത

തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അനർഹരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2. രണ്ട് ഏക്കറിൽ കൂടുതൽ ഭൂമിയുള്ള റബ്ബർ സബ്സിഡി കൈപ്പറ്റുന്നവരുടെ പെൻഷൻ ഒരു മാസത്തെ നോട്ടീസ് നൽകി സസ്പെൻഡ് ചെയ്യുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07-05-2022, 08-07-2022 എന്നീ തീയതികളിലെ കത്തിൽ നിർദ്ദേശം നൽകിയിരുന്നു. നോട്ടീസ് നൽകിയിട്ടുള്ള ഗുണഭോക്താക്കൾസമർപ്പിക്കുന്ന പരാതികളിന്മേൽ പ്രസ്തുത പ്രാദേശിക സെക്രട്ടറിമാർ വിശദമായ പരിശോധന നടത്തേണ്ടതും പ്രസ്തുത വ്യക്തികൾക്ക് രണ്ട് ഏക്കറിൽ കൂടുതൽ ഭൂമിയില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം അവരെ സേവന പെൻഷൻ ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതില്ലായെന്നും 08-07-2022 ലെ കത്തിൽഅറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യാതൊരുവിധ നടപടിയും ആനാട് ഗ്രാമ പഞ്ചായത്തിൽ സ്വീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 29). ആനാട് ഗ്രാമപഞ്ചായത്തിൽ നിന്നും രണ്ട് ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വച്ച് റബ്ബർ സബ്സിഡിയും സാമൂഹ്യ സുരക്ഷാ പെൻഷനും കൈപ്പറ്റുന്നവരുടെ വിവരം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷണർ ഐ.ഡി. | സബ്സിഡി ഗുണഭോക്തൃ ഐ.ഡി | നിലവിലെ പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ജഗനാഥൻ | 102630201792 | RUBRUBXXX043412 | ആക്ടീവ് |
| 2 | സുബ്രമണ്യൻ | 102630400413 | RUBRUBXXX221748 | ആക്ടീവ് |
| 3 | ജുനൈദ എസ് | 102630602072 | RUBRUBXXX269745 | ആക്ടീവ് |
| 4 | പ്രമീള | 102630601948 | RUBRUBXXX176539 | ആക്ടീവ് |
| 5 | കാസീംകുഞ്ഞ് | 102630201128 | RUBRUBXXX484388 | ആക്ടീവ് |

ടി വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2023, 4.35 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28598/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്.

ഗ്രാമ പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടുണ്ട്. തപാൽ നം., അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി, സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കേണ്ടതാണ്. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്.

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ജീവനക്കാരുടെ ജോലി വിഭജനം നടത്തി ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ച് പഞ്ചായത്ത് ഓഫീസ് പ്രവർത്തനം നടത്തുന്നതിൽ ജാഗ്രത പുലർത്തുന്നുണ്ട്.

2021 ൽ പൗരാവകാശ രേഖ പുതുക്കി വിതരണം ചെയ്തിട്ടുണ്ട്. പിന്നീട് പൗരാവകാശ രേഖ പുതുക്കിയിട്ടില്ലാത്തതാണ്.

പഞ്ചായത്ത് ആർജിക്കുന്ന ആസ്തികൾ രജിസറ്ററിൽ രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. ആസ്തി വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## 1-9 ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

പൊതു അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

### 1-9-1 എം എൻ ആർ ഇ ജി എസ് വരവ് ചെലവ് കണക്കുകൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | AFS പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 639787 | 1079970 | 1719757 | 1709096 | 34042 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 57103000 | 57103000 | 57103000 | -- |

വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-9-2 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--അപാകതകൾ

MGNREGS ന്റെ പ്രവർത്തികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
(എ) 2017- ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ആന്റ് വകുപ്പ് (51) കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs- ന്റെ 13/09/2018- ലെ 50/2018- നമ്പർ നോട്ടിഫിക്കേഷൻ കേന്ദ്ര റവന്യൂ വകുപ്പിന്റെ 14/09/18- ലെ സർക്കാർ നം 65/39/2018 DOR പ്രകാരം 250000/- രൂപയ്ക്ക് മുകളിലോ അതിനു തുല്യമായ വ്യാപാരങ്ങൾക്കോ, സേവനങ്ങൾക്കോ ബന്ധപ്പെട്ട വിതരണക്കാരിൽ നിന്നും /വ്യാപാരികളിൽ നിന്നും 2% തുക ജി എസ് റ്റി ഇനത്തിൽ കുറവ് ചെയ്യണം എന്നാൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് | വർക്ക് കോഡ് | വർക്കിന്റെ പേര് | ആകെ ചെലവ് |
|---|---|---|---|
| തീർത്ഥങ്കര | RC/344515 | ഇടവട്ടം-തീർത്ഥങ്കര മൈലമൂട് റോഡ് കോൺക്രീറ്റ് | 442000 |
| തീർത്ഥങ്കര | RC/344517 | തീർത്ഥങ്കര അയ്യാതുണൈ തടം കോൺക്രീറ്റ് | 488000 |
| മീൻമൂട് | RC/344450 | പോതുപാറ റോഡ് കോൺക്രീറ്റ് | 470000 |

(ബി) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ,7.12.5 Annexure VII പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

1. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ഡിസൈന്റെ കോപ്പി ഫയലിൽ ലഭ്യമല്ല.

3. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല. എല്ലാ മെറ്റീരിയൽ വർക്കുകളിലും ഡിസ്പ്ലേ ബോർഡിന്റെ ചെലവിലേയ്ക്കായി 5000/-, 4500/- രൂപ ചെലവാക്കിയ വൗച്ചർ ഉൾകൊള്ളിച്ചിട്ടുണ്ട്. എന്നാൽ അവയുടെ ഫോട്ടോ അറ്റാച്ച് ചെയ്തായി കാണുന്നില്ല.

4. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

6. Muster Roll Movement Slip, Work Completion Certificate എന്നിവ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല

രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/22, 17/10/23) റ്റി ഡി എസ് ഇനത്തിലുള്ള തുകകൾ ബന്ധപ്പെട്ട വെണ്ടറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും, മെറ്റീരിയൽ വർക്കുകളുടെ ഡിസ്പ്ലേ ബോർഡുകളുടെ ഫോട്ടോ ബന്ധപ്പെട്ട വൗച്ചറിൽ അറ്റാച്ച് ചെയ്യുന്നതാണെന്ന് അറിയിച്ചു.
മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തി നിർവഹണം നടത്തേണ്ടതാണ്.

### 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2020 ജനവരി | 2019 നവംബർ മുതൽ ഡിസംബർ വരെ | 16/01/2020 |
| അക്കൗണ്ട്സ് | 2017 മാർച്ച് | 2016-17 | 07/09/2018 |

| ജനറലിന്റെ ഓഡിറ്റ് | | | |
|---|---|---|---|

## 1-11 തനത് വരുമാനം സംബന്ധിച്ച നിരീക്ഷണം

ആനാട് ഗ്രാമ പഞ്ചായത്തിലെ നികുതി- നികുതിയേതര വരവിന്റെ സമാഹരണത്തിലെ കാര്യക്ഷമതാ വിശകലനത്തിനായി ഗ്രാമ പഞ്ചായത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവസ്ഥാ വിശകലനം ചുവടെ ചേർക്കുന്നു.

1. പുതിയ ധന സ്രോതസുകൾ കണ്ടെത്തേണ്ടത് ആവശ്യം

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിന് പ്രധാനമായും ആശ്രയിക്കുന്നത് പരമ്പരാഗത വരുമാന മാർഗ്ഗങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് തുടങ്ങിയവയെ ആണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സാമ്പത്തിക വർഷാരംഭത്തിൽ പുതിയ ധന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല. പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തി അധിക തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്. കണ്ടെത്തിയ സ്രോതസ്സുകൾ ബജറ്റിൽ ഉൾപ്പെടുത്തുകയും സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

2. തനതു വരുമാന ശേഖരണത്തിലെ കുറവ് – വികസന ഫണ്ടിൽ 3,66,840/- രൂപ കുറവ് ചെയ്തു

തനതു വരുമാനങ്ങൾ (നിലവിൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്) പിരിച്ചെടുക്കാൻ ധനകാര്യസ്റ്റാൻഡിംഗ് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടതിന് 'ക്യാമ്പ് കളക്ഷൻ, RR നോട്ടീസ്, SMS, മൈക്ക് അനൌൺസ്മെന്റ്, നോട്ടീസ് വിതരണം എന്നിവ മുഖേന തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമം നടത്തിയിട്ടുണ്ടെന്നും ലൈസൻസ് എടുക്കാത്ത കടകൾക്ക് ലൈസൻസ് എടുപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും' മറുപടി നല്കിയെങ്കിലും ഗ്രാമപഞ്ചായത്തിൽ നികുതി നികുതിയേതര വരുമാനം കൃത്യമായി പിരിച്ചെടുക്കപ്പെടുന്നില്ല. തനത് വരുമാനം 90% എങ്കിലും പിരിച്ചെടുക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും ജി.ഒ.(എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 പ്രകാരം 3,66,840/- രൂപ കുറവ് ചെയ്തിട്ടുണ്ട്. 2023 മാർച്ച് 31 പ്രകാരമുള്ള ബാലൻസ്ഷീറ്റിൽ (B-15 പ്രകാരം) വസ്തു നികുതി, വാടക, മാർക്കറ്റ് റസീപ്റ്റ് എന്നീ ഇനങ്ങളിലായി 2439775/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. തനതു വരുമാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

3. കുടിശ്ശിക തുടർ നടപടി സ്വീകരിക്കേണ്ടതാണ്

2023 മാർച്ച് 31 പ്രകാരമുള്ള ബാലൻസ്ഷീറ്റിൽ വസ്തു നികുതി, വാടക, മാർക്കറ്റ് റസീപ്റ്റ് എന്നീ ഇനങ്ങളിലായി 2439775/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഏത് വർഷം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയാണ് ഇതെന്ന് വ്യക്തമല്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മറ്റ് നിരീക്ഷണങ്ങൾ

1) 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 25/05/2023 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. 22-07-2023 ലെ 3 (1) നമ്പർ തീരുമാന പ്രകാരം സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിന് ആകുന്നതിന് മുമ്പുള്ള ഡിമാൻഡ് തുക 4954743/- രൂപയും പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ ആയപ്പോഴുള്ള ഡിമാൻഡ് തുക 5455372/- രൂപയാണെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പരിഷ്കരിച്ച നികുതി നിരക്ക് പ്രകാരമുള്ള തുക മുഴുവനായി പിരിച്ചെടുത്ത് തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തിന്റെ വരവ്- ചെലവ് കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ ആരും തന്നെ തനത് വരവ് രജിസ്റ്ററുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. കൃത്യമായ ഇടവേളകളിൽ രജിസ്റ്ററുകൾ പരിശോധിച്ച് നികുതി – നികുതിയേതര വരവ് പിരിച്ചെടുക്കുന്നതിലെ കൃത്യത വിലയിരുത്തേണ്ടതാണ്.

3) തൻ വർഷം ഡിമാന്റ് ചെയ്തതിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വസ്തു നികുതി ഇനത്തിൽ ലഭിച്ച തുക 4074870 (2325823+ 1749047) രൂപയാണ്.

(ലൈബ്രറി സെസ് ഒഴികെയുള്ള തുക 3878171/- രൂപയാണ്). എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം 3880262 രൂപയാണ് കളക്ഷൻ തുക (2,223,528 + 1,656,734). തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) തദ്ദേശസ്ഥാപനം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും ചട്ടങ്ങൾ) ചട്ടം 7 പ്രകാരം മേഖലാ വിഭജനം നടത്തി വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തീയതി, തീരുമാന നമ്പർ എന്നിവ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടതിന് 26-05-2023 ലെ 2 (1) നമ്പർ തീരുമാന പ്രകാരം തീരുമാനമെടുത്തിട്ടുണ്ട് എന്ന് അറിയിച്ചു. പക്ഷേ വസ്തു നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട മേഖലകളുടെ തരം തിരിക്കലും വഴി സൌകര്യത്തിൻറെ അടിസ്ഥാനത്തിലുള്ള തരം തിരിക്കലും നിലവിൽ തുടരുന്ന വിധത്തിൽ മാറ്റമില്ലാതെ തുടരുന്നതിനാണ് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുള്ളത്. മേഖലാ വിഭജനവുമായി ബന്ധപ്പെട്ട മുഴുവൻ രേഖയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5) റോഡ് മാപ്പ് പ്രസിദ്ധീകരിച്ചതിന്റെയും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് നിർണയിക്കുന്നതിന്റെ

നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടതിന് 26-05-2023 ലെ 2 (1) നമ്പർ തീരുമാന പ്രകാരം ടാക്സ് നിർണ്ണയിക്കുന്നതിന് റോഡ് തിരിച്ചിട്ടുണ്ട് എന്നാണ് നൽകിയ മറുപടി. വസ്തു നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട മേഖലകളുടെ തരം തിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിക്കലും നിലവിൽ തുടരുന്ന വിധത്തിൽ തുടരുന്നതിനാണ് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുള്ളത്. റോഡ് മാപ്പ് പ്രസിദ്ധീകരിച്ചതിന്റെ വിവരങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല. മാപ്പ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുമില്ല. റോഡ് മാപ്പ് ലഭ്യമാക്കേണ്ടതാണ്.

6) തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും, അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണവിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടതിന് കണ്ടെത്തിയ കെട്ടിടങ്ങളുടെ ടാക്സ് റിവൈസ് ചെയ്ത് പുതുക്കിയിട്ടുണ്ടെന്നും ആയതിന്റെ ലിസ്റ്റ് മറുപടിയോടൊപ്പം സമർപ്പിക്കുന്നു എന്നും മറുപടി നല്കിയെങ്കിലും മറുപടിയോടൊപ്പം രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് തല അന്വേഷണം നടത്തിയതിന്റെയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിച്ചതിന്റെയും വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

7) തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും 02.02.2022 ലെ RD3/94 /2020/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശികയില്ലാതെ ഈടാക്കിയിട്ടുണ്ടോ എന്ന അന്വേഷണത്തിന് എല്ലാ മൊബൈൽ ടവറുകളും നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ റിലൈൻസ് ടവർ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. കേസ് നിലവിൽ ഉള്ളതിനാലാണ് നികുതി അടവാക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. നിലനിൽക്കുന്ന കേസുമായി ബന്ധപ്പെട്ട മുഴുവൻ രേഖയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

8) തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവനഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ചുമത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

9) നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ലഭ്യമാണ് എന്നതാണ് ഇതിന് ലഭിച്ച വിശദീകരണം. നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്ററുകൾ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി സൂക്ഷിക്കേണ്ടതാണ്

10) തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് (കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം )ഈടാക്കുന്നില്ല. സേവന ഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നതിന്റെ സാധ്യത ഗ്രാമ പഞ്ചായത്തിന് പരിശോധിക്കാവുന്നതാണ്.

11) പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ല. പുതിയ സേവനനികുതി മാർഗ്ഗങ്ങൾ കണ്ടെത്തി അധികമായി ലഭിക്കുന്ന തുക തനത്ഫണ്ടിൽ മുതൽക്കൂട്ടി പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്.

12) തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ആയത് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് മറുപടി നല്കിയെങ്കിലും ഫീൽഡ് തല അന്വേഷണം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

13) ഗ്രാമപഞ്ചായത്തിൽ സ്വകാര്യ സ്ഥാപനങ്ങൾ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി മുഴുവൻ പേരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

14) ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ച കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും നികുതി ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

15) അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്, സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ, ടി.വി നെറ്റ് വർക്ക്, ഹൗസ് ബോട്ടുകൾ, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടുണ്ടോ എന്ന ചോദ്യത്തിന് ജി.എസ്.ടി നിലവിൽ

വന്നതിനാൽ ഗ്രാമ പഞ്ചായത്ത് വിനോദ നികുതി ഈടാക്കുന്നില്ല എന്ന് മറുപടി നല്കി. ഗ്രാമപഞ്ചായത്തിലെ വിവിധ ടർഫുകൾ, നീന്തൽക്കുളങ്ങൾ, പ്രദർശന വിപണന മേളകൾ തുടങ്ങിയവയിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണോ ഈടാക്കുന്നതെന്ന വിവരം അന്വേഷിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്നത് അറിയിക്കേണ്ടതാണ്. ജി.എസ്.ടി നിരക്ക് നിലനിൽക്കുന്നെങ്കിൽ തന്നെയും അതത് കാലഘട്ടത്തിൽ നിലനിൽക്കുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് വിനോദ നികുതി ഈടാക്കാവുന്നതാണ് (ഉദാ. സിനിമാ ടിക്കറ്റുകളുടെ വിനോദ നികുതി) വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ശുപാർശ സമർപ്പിക്കാവുന്നതാണ്.

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള വിഭവങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തൻ വർഷത്തെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വരവ് വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുവാനും പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുവാനും നികുതി ചോർച്ച തടയാനും കുടിശ്ശിക പിരിച്ചെടുക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

## 1-12 കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് 1-6-2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആനാട് ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശ പ്രകാരം രജിസ്റ്റർ തയ്യാറാക്കി പരിപാലിച്ചിട്ടില്ല. കുടിശ്ശിക വരുമാനം പിരിച്ചെടുക്കുന്നത് കാര്യക്ഷമമായി വിലയിരുത്തുന്നതിന് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കേണ്ടത് അവശ്യമാണ്. കെട്ടിട നികുതി കുടിശ്ശിക രജിസ്റ്റർ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും വർഷം തിരിച്ച് ലഭ്യമാകുന്നതിനാൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല എന്നും ലൈസൻസിനും തൊഴിൽ നികുതിയ്ക്കും കുടിശ്ശിക ഇല്ല എന്നും വാടക സംബന്ധിച്ച കുടിശ്ശിക വാടക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ട് എന്നുമാണ് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 3 ന് ലഭിച്ച മറുപടി.

ടി ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ ഇപ്രകാരമാണ്.

- എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്
- നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.
- പ്രാദേശിക സർക്കാരുകളുടെ വായ്പയെ സംബന്ധിച്ച ഡി.സി.ബി പത്രിക തയ്യാറാക്കുകയും പ്രാദേശിക സർക്കാർ ഭരണ സമിതി യോഗത്തിലും ഗ്രാമസഭകളിലും വാർഡ് കമ്മിറ്റികളിലും അവലോകനം നടത്തേണ്ടതുമാണ്.

പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 3 വഴി ആവശ്യപ്പെട്ടതിന് നികുതി വരുമാനത്തിന്റെ DCB സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കാറുണ്ടെന്നും സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം / ശിപാർശ ഭരണസമിതി അംഗീകരിക്കാറുണ്ട് എന്നുമാണ് ലഭിച്ച മറുപടി. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം ഗ്രാമസഭകളിൽ നടത്തിയതിനെക്കുറിച്ചോ വായ്പയെ സംബന്ധിക്കുന്ന ഡി.സി.ബി പത്രിക വിലയിരുത്തിയതിനെക്കുറിച്ചോ മറുപടിയിൽ പരാമർശിച്ചിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്. കേരള പഞ്ചായത്ത്രാജ് നിയമം , 1994 വകുപ്പ് 243 (1) പ്രകാരം കിട്ടാനുള്ള നികുതി, മറ്റ് സംഖ്യകൾ പിരിച്ചെടുക്കുന്നതിനുള്ള കാലയളവ് 3 വർഷമാണ്. ടി കാലയളവിനുള്ളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്ത പക്ഷം പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുമെന്നതിനാൽ തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ അടിയന്തിര പ്രാധാന്യം നൽകി തയ്യാറാക്കി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-13 തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 366840 രൂപ നഷ്ടമായി

ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് ജി.ഒ(എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 ൽ തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ.(സാധാ) നം. 1049/2023/ ധന തീ. 13-02-2023 പ്രകാരം ലഭ്യമാക്കിയതിൽ ആനാട് ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 366840 രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം . 3 വഴി ആവശ്യപ്പെട്ടതിന് 2021-22 സാമ്പത്തിക വർഷം കോവിഡ് പ്രതിസന്ധിയുടെ സാമ്പത്തിക ബാധ്യത മൂലം ജനങ്ങൾ കെട്ടിട നികുതി

സമയബന്ധിതമായി അടവാക്കിയില്ല. ആയതിനാലാണ് തനത് വരുമാനം കുറവായത്, 2023-24 സാമ്പത്തിക വർഷം തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. പ്രതീക്ഷിത വരവും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി സജീവ ഇടപെടൽ നടത്തേണ്ടതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ തനത് വരുമാനത്തിന്റെ വർധനവ് ഉറപ്പ് വരുത്തുക ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. നികുതി -നികുതിയേതര വരുമാനം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും, വരുമാന വർധനവിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും വരും വർഷങ്ങളിൽ പ്രാധാന്യം നൽകേണ്ടതാണ്.

## 1-14 ബാലൻസ്ഷീറ്റ് പ്രകാരം 24,39,775/- രൂപയുടെ തനത് വരുമാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) എന്ന ഹെഡിൽ 2023 മാർച്ച് 31 പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയായി 1,94,05,541/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ Receivables Of Redemption എന്ന ഇനത്തിലെ തുകയായ 1,69,34,366/- രൂപ, Receivables From Government – Other എന്ന ഹെഡിലെ 31,400/- രൂപ എന്നിവ കഴിച്ച് ബാക്കി 24,39,775/- രൂപ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനും നാളിതുവരെ ഇതിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 3 ന് കെട്ടിട നികുതി കുടിശ്ശികയിൽ 289137/- രൂപ വരവ് വന്നിട്ടുണ്ടെന്നും ഏകദേശം 49000/- രൂപ റവന്യൂ റിക്കവറി നടത്തിയിട്ടുണ്ടെന്നും നവംബർ രണ്ടാം തീയതി ആരംഭിക്കുന്ന ക്യാമ്പ് കളക്ഷനിൽ മുഴുവൻ കെട്ടിട നികുതിയും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ 2022-23 ലെ വാടക ഇനത്തിലെ കുടിശ്ശിക കുറെ പിരിച്ചെടുത്തിട്ടുണ്ടെന്നും ബാക്കി തുക RR ചെയ്യുന്നതിനു വേണ്ടി നോട്ടീസ് നല്കിയിട്ടുണ്ടെന്നും മാർക്കറ്റ് റസീപ്റ്റിൽ കുടിശ്ശിക കിടക്കുന്ന തുക ഏതാണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിട നികുതി കുടിശ്ശികയിൽ 289137/- രൂപ വരവ് വന്നിട്ടുണ്ടെന്നും മറ്റ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചതായി അറിയിച്ചെങ്കിലും ആയത് സാധൂകരിക്കുന്ന രേഖകളൊന്നും തന്നെ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയും ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഹെഡ് | തുക |
|---|---|---|
| 431100101 | Receivables For Property Tax On Residential Buildings (Current) | 481367 |
| 431100102 | Receivables For Property Tax On Residential Buildings (Arrears) | 913644 |
| 431100103 | Receivables For Property Tax On Non-Residential Buildings (Current) | 368942 |
| 431100104 | Receivables For Property Tax On Non-Residential Buildings (Arrears) | 669897 |
| 431400101 | Rent Receivables From Buildings (Current) | 33048 |
| 431400102 | Rent Receivables From Buildings (Arrears) | 83715 |
| 431400106 | Receivables Towards Market Receipts (Arrears) | 12000 |
| 431910101 | State Govt. Cesses/ Levies In Property Taxes - Control Account | -122838 * |
| ആകെ | | 2439775 |

* പ്രസ്തുത തുക പിരിച്ചെടുത്ത് സർക്കാരിലേക്ക് ഒടുക്കു വരുത്തുന്നതിനാൽ തനതു വരുമാനത്തിൽ ഉൾപ്പെടുന്നില്ല.

## 1-15 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കുലർ നം. RB3/178/2020/lsgd Dated 20.6.2022 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളായാലും അവയ്ക്ക് കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയാഗിക്കുക -അതുവഴി പാർക്കിംഗ് ഏരിയ , റോഡിൽ നിന്നുള്ള

അകലം എന്നിവ ഇല്ലാതാക്കുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ തദ്ദേശഭരണസെക്രട്ടറിമാർ കർശനമായി നിരീക്ഷിക്കണമെന്നും അതോടൊപ്പം അപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പൊളിച്ച് നീക്കുന്നതിനുള്ള സത്വരനടപടിൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും തുടർ നടപടി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33 ന് ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 സർക്കാർ ഉത്തരവിന് വിരുദ്ധമായി ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീയതി. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥന്റെ പേരും വിലാസവും |
|---|---|
| 8/243 | അബ്ദുൾ സമദ്,<br>കുപ്പിൽ തടത്തരികത്ത് വീട് |
| 8/244 | |
| 8/245 | |
| 10/45 | അനീഷ ബീവി, എ.എ. മൻസിൽ,<br>കക്കോട്ടുകുഴി, ചുള്ളിമാനൂർ – 695541 |
| 10/46 B | |
| 12/36 B | ബാബു, ഉഷാ ഭവൻ, വടക്കേല, ആനാട് |
| 12/36 C | |
| 12/36 D | |

ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 33 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹരെ നികുതിയിളവ് ലഭിക്കുന്നവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 വാടക പൂർണ്ണമായും ഈടാക്കി അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികൾ 2022-23 സാമ്പത്തിക വർഷത്തെ വാടക തുക പൂർണ്ണമായും ഒടുക്കിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നമ്പർ | വാടക്കാരന്റെ പേര് | പ്രതിമാസ വാടക | കുടിശ്ശിക | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | 2 | സജീർ | 882 | 2022 ജൂലൈ മുതൽ 2023 മാർച്ച് വരെ | 882 X 9 = 7938 |
| 2 | 3 | സജീർ .എസ് | 882 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ | 882 X 12 = 10584 |
| 3 | 7 | ശോഭന | 882 | 2022 ജൂലൈ മുതൽ 2023 മാർച്ച് വരെ | 882 X 9 = 7938 |
| | | | | ആകെ | 26460 |

വാടക സമയ ബന്ധിതമായി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 32 ന് പ്രസ്തുത വ്യക്തികൾക്ക് വാടക കുടിശ്ശിക അടവാക്കുന്നതിന് നോട്ടീസ് നല്കിയിട്ടും അടവാക്കിയിട്ടില്ല, R.R നടപടിയെടുത്ത് ടി തുക അടവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-18 തിരുച്ചിട്ടപാറ ടൂറിസം പദ്ധതി, തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ)

നം. 84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള ' ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ആനാട് ഗ്രാമ പഞ്ചായത്തിലെ 'തിരുച്ചിട്ടപാറ' ടി പദ്ധതി നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്തും ലാന്റ് എൻ.ഒ.സി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും 29/08/22 ലെ ഭരണ സമിതി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 7 വഴി ആവശ്യപ്പെട്ടതിന് ഡെസ്റ്റിനേഷൻ ചലഞ്ചുമായി ബന്ധപ്പെട്ട് പ്രപ്പോസൽ സമർപ്പിച്ചിട്ടില്ല എന്നാണ് നല്കിയ മറുപടി. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്മേൽ തുടർ നടപടി സ്വീകരിച്ച് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തിരുച്ചിട്ടപാറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി ടി വിനോദ സഞ്ചാര പദ്ധതിയിൽ നിന്നുള്ള വരുമാനം തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്

## 1-19 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കി റോഡുകൾ പുനർ നിർമ്മിക്കുന്നതിന് അടിയന്തിര ഇടപെടൽ നടത്തേണ്ടതാണ്.

ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡുകൾ മുറിച്ച് പൈപ്പ് ലൈൻ ഇട്ടതുകാരണം ഗ്രാമ പഞ്ചായത്തിലെ റോഡുകൾ തകർന്ന് ഗതാഗത യോഗ്യമല്ലാതായിരിക്കുന്നത് സംബന്ധിച്ച് വിവിധ ഭരണ സമിതി യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും റോഡിന്റെ തകരാർ പരിഹരിക്കുന്നതിന് ആവശ്യമായ റോഡ് കട്ടിംഗ് ചാർജ്ജ് ഒടുക്കാതെയുമാണ് റോഡുകൾ മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചിരിക്കുന്നത്. നിർമ്മാണം പൂർത്തീകരിച്ച് 2 വർഷം കഴിയാത്തതും സെക്യൂരിറ്റി പിരീഡ് കഴിയാത്തതുമായ പുതിയ റോഡുകൾ വരെ ടി പദ്ധതിക്ക് വേണ്ടി വെട്ടി പൊളിച്ചത് കാരണം ഗ്രാമപഞ്ചായത്തിന് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിലെ റോഡുകളിലൂടെയുള്ള ഗതാഗതം ദുസ്സഹമായിരിക്കുകയുമാണ്. റോഡുകൾ നവീകരിക്കാത്തതിനെതിരെ ജനങ്ങൾ പരാതിയുമായി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്നുണ്ടെങ്കിലും തകരാർ പരിഹരിക്കുന്നതിന് ആവശ്യമായ തുക റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ ലഭിക്കാത്തത് കാരണം റോഡിലെ തകരാറുകൾ സമയബന്ധിതമായി പരിഹരിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി വിഷയം സംബന്ധിച്ച ഭരണ സമിതി യോഗങ്ങളിലെ തീരുമാനം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | അജണ്ട | തീരുമാനം |
|---|---|---|---|
| 1 | 27/09/2022 | 9,1 | ആനാട്ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ റോഡുകളിൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയോ, മാനദണ്ഡങ്ങളോ പാലിക്കാതെ റോഡ് വെട്ടിപ്പൊളിച്ച് KWA അധികൃതർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നുവെന്ന എൽ. എസ്. ജി. ഡി അസി എഞ്ചിനീയറുടെ കത്തും റോഡുകളുടെ ലിസ്റ്റും കമ്മിറ്റി പരിശോധിച്ച് ചർച്ച ചെയ്തു. SECURITY PERIOD കഴിയാത്തതും, നിർമ്മാണം പൂർത്തിയാക്കി 2 വർഷം കഴിയാത്ത റോഡുകൾ വരെ അതിൽ ഉൾപ്പെടുന്നു. ടി റോഡുകൾ കുഴിക്കുന്നതിന് മുൻപായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അനുമതി വാങ്ങുകയോ, RESTORATION CHARGE പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ആയത് കാരണം ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുന്നതുമാണ്. കൂടാതെ ഓഡിറ്റ് പരിശോധനകളിൽ ഇപ്രകാരം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളത് നിരീക്ഷിക്കുന്നതും നിർവ്വഹണ ഉദ്യോഗസ്ഥനും ഗ്രാമ പഞ്ചായത്തും നിയമ നടപടികൾക്ക് വിധേയമാകുന്നതുമാണ്. പൈപ്പ് ലൈൻ കണക്ഷൻ ടെണ്ടർ എടുത്തിട്ടുള്ള കോൺട്രാക്ടർമാരാണ് ഇപ്രകാരം റോഡുകൾ വെട്ടിപ്പൊളിച്ച് നാശം വരുത്തിയിട്ടുള്ളതെന്നും കമ്മിറ്റി വിലയിരുത്തി. ആയതിനാൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള റോഡുകൾ പരിശോധിച്ച് RESTORATION CHARGE ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിനെ അറിയിച്ചതിന് ശേഷം മാത്രം പൈപ്പ് കണക്ഷൻ പ്രവൃത്തികൾ ചെയ്യേണ്ടതാണെന്നും വാട്ടർ അതോറിറ്റി അധികൃതരെ അറിയിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചു. |
| 2 | 17/12/2022 | 3,1 | ആനാട് ഗ്രാമ പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ റോഡുകളും വെട്ടി പൊളിച്ച് വാഹന ഗതാഗതം ഉൾപ്പെടെ കാൽ നട യാത്ര പോലും ചെയ്യാൻ കഴിയാത്ത അവസ്ഥയിലായിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | തുടർച്ചയായ പേമാരിയിൽ വെട്ടിപൊളിച്ച റോഡുകളെല്ലാം ചെളി കുഴികളായി മാറി കഴിഞ്ഞു. ഗ്രാമപഞ്ചായത്തിൻറെ അനുവാദം പോലും ആവശ്യപ്പെടാതെ മുൻ വർഷങ്ങളിൽ ചെയ്ത പുതിയ റോഡുകൾ വരെ ടി പദ്ധതിക്ക് വേണ്ടി വെട്ടി പൊളിച്ചിരിക്കുകയാണ്. ആയത് നവീകരിക്കാത്തത് ഓഡിറ്റ് പരിശോധനകളിൽ ഗ്രാമ പഞ്ചായത്തിനും അതിലുപരി നിർവ്വഹണ ഉദ്യോഗസ്ഥനും ബാധ്യതയ്ക്ക് ഇടയാക്കുന്നതാണ്. കാൽനട യാത്ര പോലും ദുസ്സഹമായിരിക്കുന്ന അവസ്ഥയിൽ റോഡുകൾ നവീകരിക്കാത്തതിനെതിരെ ജനങ്ങൾ നിത്യേന പരാതിയുമായി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്നത് നിരന്തര കാഴ്ചയായി മാറികൊണ്ടിരിക്കുന്നു. ഗ്രാമ പഞ്ചായത്തിന് വർഷാ വർഷങ്ങളിൽ സർക്കാരിൽ നിന്നും അനുവദിക്കുന്ന നാമ മാത്രമായ ഫണ്ട് ഉപയോഗിച്ചാണ് ഗ്രാമ പഞ്ചായത്തിൻറെ റോഡ് പ്രവൃത്തികൾ നിർവ്വഹിച്ച് വരുന്നത്. ആയതിനാൽ തന്നെ ജല ജീവൻമിഷൻ പ്രവർത്തനങ്ങളാൽ നശിച്ച റോഡുകൾ നവീകരിക്കുന്നതിന് പഞ്ചായത്തിന് കഴിയുകയില്ല. ടി സാഹചര്യത്തിൽ ജനങ്ങളുടെ പരാതിക്ക് പരിഹാരം കാണാൻ കഴിയാതെ ജനങ്ങളോട് നീതി പുലർത്താൻ കഴിയാതെ ഗ്രാമ പഞ്ചായത്തിൻറെ അവസ്ഥ ദിനം പ്രതി ദുസ്സഹമായികൊണ്ടിരിക്കുന്നു. ഇത്തരത്തിൽ മുന്നോട്ട് പോവുകയാണെങ്കിൽ ജനങ്ങൾ സമരമുറ തന്നെ സ്വീകരിക്കാനും ആയത് ഗ്രാമപഞ്ചായത്തിൻറെ ദൈനംദിന പ്രവർത്തനത്തെ വരെ ബാധിക്കുമെന്നും ഗ്രാമ പഞ്ചായത്ത് ആശങ്കപ്പെടുന്നു. ആയതിനാൽ ജല ജീവൻ പദ്ധതിയുടെ ഭാഗമായി ആനാട് ഗ്രാമ പഞ്ചായത്തിൽ വെട്ടിപൊളിച്ച റോഡുകൾ വാട്ടർ അതോറിറ്റി തന്നെ നവീകരിക്കുകയോ അല്ലാത്ത പക്ഷം ആവശ്യമായ ഫണ്ട് ഗ്രാമ പഞ്ചായത്തിന് അനുവദിക്കുകയോ ചെയ്യണമെന്ന് വാട്ടർ അതോറിറ്റി അധികാരികളോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |

(*വിവരങ്ങൾ സകർമ്മ മിനിട്സ് പ്രകാരം)

റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 7 വഴി ആവശ്യപ്പെട്ടതിന് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി മുറിച്ച റോഡുകളുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. റീസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ തുക ലഭ്യമാക്കാൻ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ തുകയൊന്നും ലഭ്യമായില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ കത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി മുറിച്ച റോഡുകളുടെ പട്ടിക ലഭ്യമാക്കിയെങ്കിലും റോഡ് റീസ്റ്റോറേഷന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. റോഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റോഡിന്റെ പേര് |
|---|---|
| 1 | മേലേ കല്ലിയോട് - പറയങ്കാവ് റോഡ് |
| 2 | വട്ടറത്തല – കല്ലിയോട് റോഡ് |
| 3 | ശക്തിപുരം - വട്ടറത്തല റോഡ് |
| 4 | മേലേ കല്ലിയോട്- വട്ടറത്തല |
| 5 | ആനാട് മൃഗാശുപത്രി റോഡ് |
| 6 | പറയങ്കാവ് ചുവക്കാട് റോഡ് |
| 7 | ആനാട് കുളക്കി റോഡ് |
| 8 | ചുപ്പ് കാൽവരി റോഡ് |
| 9 | മുള്ളുവേങ്ങാമൂട് കുന്നത്ത്മല അംഗൻവാടി റോഡ് |
| 10 | നരിച്ചിലോട്ട് വാഴാട്ട്കോണം |
| 11 | ചെറുവേലി പാണയം റോഡ് |
| 12 | പാറയിൽ നട നെയ്ക്കാവ് റോഡ് |
| 13 | വാളൻകുഴി പാണയം ചുപ്പ് |
| 14 | മുള്ളുവേങ്ങാമൂട് കുന്നത്ത് മല അംഗൻവാടി റോഡ് |
| 15 | ചുപ്പ് വെള്ളം കെട്ട്പ്പാറ റോഡ് |

റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റിയ്ക്ക് നല്കുകയും നശിപ്പിക്കപ്പെടുന്ന ആസ്തികൾ പുനഃസൃഷ്ടിക്കാനോ നന്നാക്കാനോ ആവശ്യമായ തുക ഈടാക്കി റോഡുകളിലെ തകരാർ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതുമാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ടി

വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-20 പാലിയേറ്റീവ് കെയർ പദ്ധതി ഫണ്ട് ആശുപത്രിയിലെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പാലിയേറ്റീവ് കെയർ, 96/23 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി/ സി.എച്ച്.സി | |
| അടങ്കൽ | 1200000 | (1000000- വികസന ഫണ്ട്, പൊതു വിഭാഗം, സാധാരണ വിഹിതം)<br>(200000- മറ്റ് ബ്ലോക്ക് പഞ്ചായത്ത്) |
| ചെലവ് | 1040683 | (890683- വികസന ഫണ്ട്, പൊതു വിഭാഗം, സാധാരണ വിഹിതം)<br>(150000- മറ്റ് ബ്ലോക്ക് പഞ്ചായത്ത്) |

പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം 1200000/- രൂപ വകയിരുത്തുകയും 1040683/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കിടപ്പ് രോഗികൾക്ക് ഗൃഹ സന്ദർശനത്തിലൂടെ മെച്ചപ്പെട്ട രോഗീ പരിചരണവും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുകയാണ് പദ്ധതി ലക്ഷ്യം. എന്നാൽ പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് പുറമേ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം. | ബിൽ നം., തീയതി | ചെലവ് തുക | ചെലവ് സംബന്ധിച്ച വിശദാംശം |
|---|---|---|---|
| 1 | ബിൽ നം. 23/15-06-2022 | 11480 രൂപ | പാലിയേറ്റീവ് പദ്ധതി സംബന്ധമായ ഓട്ടത്തിന് പുറമേ ഏപ്രിൽ മുതൽ ജൂൺ വരെ കോവിഡുമായി ബന്ധപ്പെട്ടും മെഡിക്കൽ ക്യാമ്പിലും വാക്സിൻ എടുക്കാൻ തിരുവനന്തപുരത്തും ഡി.എം.ഒ യിലും മറ്റ് ആശുപത്രികളിലും വണ്ടി ഓടിയ വകയിൽ പ്രതി ദിനം 715/- രൂപ നിരക്കിൽ 8 ദിവസത്തെ വേതനമായി 5720/- രൂപ പാലിയേറ്റീവ് കെയർ ആമ്പുലൻസ് ഡ്രൈവറായ ശ്രീ. ശരത് ചന്ദ്രന് നൽകിയിരിക്കുന്നു. |
| 2 | 159/15-12-2022 | 20735 രൂപ | പാലിയേറ്റീവ് പദ്ധതി സംബന്ധമായ ഓട്ടത്തിന് പുറമേ ഒക്ടോബർ, നവംബർ മാസങ്ങളിൽ മെഡിക്കൽ ക്യാമ്പിലും, വാക്സിൻ എടുക്കാൻ തിരുവനന്തപുരത്തും ഡി.എം.ഒ യിലും മറ്റ് ആശുപത്രികളിലും വണ്ടി ഓടിയ വകയിൽ പ്രതി ദിനം 715/- രൂപ നിരക്കിൽ 15 ദിവസത്തെ വേതനമായി 10725/- രൂപയും ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഓട്ടത്തിന് പ്രതി ദിനം 715/- രൂപ നിരക്കിൽ 14 ദിവസത്തെ വേതനമായി 10010/- രൂപയും പാലിയേറ്റീവ് കെയർ ആമ്പുലൻസ് ഡ്രൈവറായ ശ്രീ. ശരത് ചന്ദ്രന് നൽകിയിരിക്കുന്നു. |

കിടപ്പ് രോഗികൾക്ക് ഗൃഹ സന്ദർശനത്തിലൂടെ മെച്ചപ്പെട്ട രോഗീ പരിചരണവും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുക എന്ന പദ്ധതി ലക്ഷ്യവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് പുറമേ ആശുപത്രിയുടെ മറ്റ് ആവശ്യങ്ങൾക്കായി പദ്ധതിയ്ക്കായി വകയിരുത്തിയ തുക വിനിയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 ന് ആശുപത്രിയിലേക്ക് വാക്സിൻ എത്തിക്കുന്നതിനും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കും പകരം വാഹന സൗകര്യം ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് പുറമേ ടിയാളുടെ സേവനം ഉപയോഗിക്കേണ്ടി വന്നതിനാലാണ് തുക നല്കിയിരിക്കുന്നതെന്നും എന്നിരുന്നാലും ആയത് ഒരു തെറ്റായ നടപടിയാണെന്ന് മനസ്സിലാക്കുന്നതിനാൽ ഇത്തരം പ്രവർത്തികൾ ഭാവിയിൽ ആവർത്തിക്കില്ല എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിക്കുന്നത് വരും വർഷങ്ങളിൽ ഒഴിവാക്കേണ്ടതാണ്.

## 1-21 ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാ സഹായത്തിനായുള്ള തുക സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജില്ലാ പഞ്ചായത്തിന് കൈമാറി

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ആശ്വാസ്- ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാ സഹായം 220/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി/ സി.എച്ച്.സി |

| | |
|---|---|
| അടങ്കൽ | 192000<br>തനത് ഫണ്ട് |
| ചെലവ് | 96000<br>എ.സി.ആർ ബിൽ നം. 590/28-03-2023 |

2022-23 സാമ്പത്തിക വർഷം നിർവ്വഹിച്ച ആശ്വാസ് - ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാ സഹായം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രോജക്റ്റ് രൂപീകരണ ഫോറം, ബില്ലുകൾ, ഗുണഭോക്തൃ പട്ടിക എന്നിവ ഉൾപ്പെടെയുള്ള പൂർണ്ണമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുഴുവൻ രേഖയും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 15 വഴി ആവശ്യപ്പെട്ടതിന് പ്രസ്തുത തുക ജില്ലാ പഞ്ചായത്തിന്റെ 23-03-2023 ലെ E3/570/2021/TDP നം. കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ 67179150579 എന്ന അക്കൗണ്ട് നമ്പറിലേക്ക് കൈമാറി എന്നാണ് അറിയിച്ചത്. എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ ബന്ധപ്പെട്ട ആശുപത്രി മുഖേന ധനസഹായം നൽകുന്നതിന് 14 ാം സബ്സിഡി മാർഗ്ഗ രേഖയിൽ (സ.ഉ. കൈ. നം. 115/2022) അനുമതി നല്കിയിട്ടുണ്ട്. അതത് തദ്ദേശ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരെ ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കാവുന്നതാണെന്നും ഗ്രാമസഭ അംഗീകരിച്ച അർഹരായ ഗുണഭോക്താക്കളുടെ പട്ടിക ഓരോ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും കൃത്യമായി തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുന്ന രീതി കർശനമായി പാലിക്കേണ്ടതാണെന്നും 18-09-2022 ലെ സർക്കുലർ നം. ഡി.എ.1/151/2022- തസ്വഭവ സർക്കുലറിൽ അധിക നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ജില്ലാ പഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമല്ല. പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ തുക ജില്ലാ പഞ്ചായത്തിന് കൈമാറിയത് വഴി ഗ്രാമപഞ്ചായത്തിലെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. 14 ാം സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 7.6.7 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരണഭരണ സ്ഥാപനങ്ങൾക്കുമാണ് വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകാൻ പ്രോജക്റ്റ് ഏറ്റെടുക്കാവുന്നത്. ഗ്രാമ പ്രദേശങ്ങളിൽ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും ഏറ്റെടുക്കാം എന്നതാണ് പ്രസ്തുത മാർഗ്ഗ രേഖയിലെ നിർദ്ദേശം. ഇതിൽ നിന്നും വിഭിന്നമായി പദ്ധതി തുക ജില്ലാ പഞ്ചായത്തിന് മുഴുവനായി കൈമാറാൻ സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുള്ള പക്ഷം പ്രസ്തുത ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗ്രാമപഞ്ചായത്തിലെ വൃക്ക രോഗികളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് നൽകിയ തുകയിൽ നിന്നും അർഹതപ്പെട്ടവർക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 അധിക ജീവനക്കാരുടെ നിയമനം- സർക്കാർ സാധൂകരണം വാങ്ങി അറിയിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| പ്രോജക്റ്റിന്റെ പേര്, നമ്പർ | ആർദ്രം പദ്ധതി, കുടുംബാരോഗ്യ കേന്ദ്രം ജീവനക്കാരുടെ വേതനം 13/23 | | |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി/ സി.എച്ച്.സി | | |
| അടങ്കൽ | 2050000 | വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം | തനത് ഫണ്ട് |
| | | 962973 | 1087027 |
| ചെലവ് | 1852727 | 765700 | 1087027 |

1. സ.ഉ. (കൈ) നം. 115/2022/LSGD തീ. 28/5/2023 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 7.6.2 പ്രകാരം ഡോക്ടർമാരുടെ സേവനം ഉച്ച കഴിഞ്ഞും ലഭ്യമാക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ 1 ഡോക്ടറെയും 2 സ്റ്റാഫ് നഴ്സിനെയും 1 ഫാർമസിസ്റ്റിനെയും ഇത്തരത്തിൽ നിയമിക്കുകയും ഡോക്ടർക്ക് 63700 രൂപയും സ്റ്റാഫ് നഴ്സുമാർക്ക് 39300 രൂപ വീതവും ഫാർമസിസ്റ്റിന് 35600 രൂപയും പ്രതിമാസ വേതനമായി നൽകിയും വരുന്നു. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് കൂടുതൽ നിയമനം നടത്തിയതിന് ആധാരമായ സർക്കാർ ഉത്തരവ് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 20 വഴി ആവശ്യപ്പെട്ടതിന് നം.ഡി.ബി.2/259/2021/ത.സ്വ.ഭ.വ തീ.18-04-2022 പ്രകാരം പ്രോജക്റ്റിൽ ആവശ്യമായ തുക വകയിരുത്തുകയും ആയത് അംഗീകരിച്ച് നടപ്പിൽ വന്ന പ്രോ.നം. 13/23 ൽ നിന്നും തുക വിനിയോഗിക്കുകയുമാണ് ഉണ്ടായത് എന്ന് മറുപടി നല്കിയിട്ടുണ്ട്. പരാമർശിച്ചിരിക്കുന്ന സർക്കുലറിൽ ഒന്നിലധികം പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കാമെന്ന് എവിടെയും സൂചിപ്പിക്കുന്നില്ല. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഫാർമസിസ്റ്റ് അല്ലാതെ മറ്റാരും തന്നെ മരുന്ന് നല്കാൻ പാടില്ല എന്ന കോടതി ഉത്തരവും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗ രേഖയിലെ ഖ. 8.6 പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല. അധിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സർക്കാർ സാധൂകരണം വാങ്ങി അറിയിക്കേണ്ടതാണ്.

2. ഡോക്ടറുടെ സേവനം ഉച്ച കഴിഞ്ഞും ലഭ്യമാകുന്നുണ്ടെന്ന് മോണിറ്ററിംഗ് സമിതിയോ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഉറപ്പ്

വരുത്തിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 20 വഴി ആവശ്യപ്പെട്ടതിന് ബന്ധപ്പെട്ട ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി വിളിച്ചു ചേർക്കുന്ന പ്രതിമാസ മീറ്റിംഗിൽ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതും ആയത് കുടുംബാരോഗ്യ കേന്ദ്രം ആനാടിൽ വച്ച് നടന്ന 29-05-2023 ലെ ആശുപത്രി വികസന സമിതി യോഗത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പെഴ്സൻ കമ്മിറ്റിയിൽ നിർദ്ദേശിച്ചിട്ടുള്ളതുമാണ് എന്നാണ് ലഭിച്ച മറുപടി. മറുപടിയിൽ വ്യക്തതക്കുറവുണ്ട്. ഡോക്ടറുടെ സേവനം ഉച്ച കഴിഞ്ഞും ലഭ്യമാകുന്നുണ്ടെന്ന് മോണിറ്ററിംഗ് സമിതിയോ സ്റ്റാന്റിംഗ് കമ്മിറ്റിയോ കൃത്യമായ ഇടവേളകളിൽ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, 1,96,125/- രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, 22/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 300000 – മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് |
| ചെലവ് | 300000 – (ബിൽ നം. 1, തീ. 11-01-2023) |

ഹോമിയോ ആശുപത്രിക്ക് അവശ്യ മരുന്ന് വാങ്ങുന്നതിലേക്കായി 2022-23 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ - ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 300000/- രൂപ കൈമാറിയതിൽ ആകെ 103875/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. (ഇൻവോയിസ് നം. LF-1023 Dt 16-08-2023 ) മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡുമായി നിരന്തരം ഫോണിലൂടെയും ഇ-മെയിൽ മുഖേനയും ബന്ധപ്പെട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അവ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി ഇനിയും സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലഭ്യമാകാനുള്ള 1,96,125/- രൂപയുടെ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് സ്ഥാപനവുമായി കത്തിടപാടുകൾ തുടരുകയും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട ഭരണസമിതി യോഗങ്ങളിൽ ഗുണഭോക്തൃ പട്ടികയിൽ അനർഹർ ഉൾപ്പെട്ടിട്ടുള്ളതായി പരാമർശം ഉന്നയിക്കപ്പെടുകയും ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കൂടാതെ അർഹരായ പലരും അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെയും മുൻഗണനാ ക്രമത്തിൽ പിന്നോക്കം പോയതായും ആക്ഷേപം ഉയർന്നിട്ടുമുണ്ട്. ലൈഫ് പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച ഭരണ സമിതി യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | തീയതി | അജണ്ട, തീരുമാനം നം. | തീരുമാനം |
|---|---|---|---|
| 1 | 12/08/22 | 2,1 | ലൈഫ് 2020 ഗുണഭോക്തൃ പട്ടിക ഗ്രാമസഭ ചേർന്ന് അന്തിമമാക്കുന്നതിന് സ.ഉ.(സാധാ)നം.1789/2022 LSGDതീയതി 25.07.2022 പ്രകാരം നൽകിയ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആനാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 25.07.2022 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെയും ലൈഫ് 2020 യുടെ അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിക്കുന്നതിനുള്ള ഗ്രാമസഭ 30.07.2022 ന് ആരംഭിച്ച് 05.08.2022 ന് പൂർത്തിയാക്കി. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമസഭ ചേരുകയും കോർഡിനേറ്റർ/കൺവീനർ ബന്ധപ്പെട്ട ഗ്രാമസഭകളിൽ ലൈഫ് 2020 കരട് പട്ടിക വായിച്ച് അവതരിപ്പിക്കുകയും ആയതിന്മേൽ ഗ്രാമസഭയിൽ ഉന്നയിച്ച ആക്ഷേപങ്ങൾ ബന്ധപ്പെട്ട ഗ്രാമസഭ മിനിട്സിൽ തീരുമാനമായി രേഖപ്പെടുത്തി അനുബന്ധ രേഖകൾ സഹിതം ഈ കാര്യാലയത്തിൽ അന്നന്നുതന്നെ സമർപ്പിച്ചിട്ടുണ്ട്.<br><br>ദാരിദ്ര ലഘൂകരണ വിഭാഗം ജില്ലാ കോ-ഓർഡിനേറ്ററുടെ 10.08.2022 ലെ എ4/967 /21/PAUനമ്പർ അടിയന്തിര കത്തിലെ നിർദ്ദേശ പ്രകാരം 2022 ആഗസ്റ്റ് 10-ാം തീയതിയ്ക്കുള്ളിൽ ഗ്രാമസഭകൾ പൂർത്തീകരിച്ച് 2022 ആഗസ്റ്റ് 11 നകം തദ്ദേശ സ്ഥാപനതല അംഗീകാരം നേടി എം.ഐ.എസ്സിൽ ഓരോ ഗുണഭോക്താവിനെയും |

| | | | |
|---|---|---|---|
| | | | അർഹർ/അനർഹർ എന്നതരത്തിൽ ഗ്രാമസഭ അവസാനിക്കുന്ന മുറയ്ക്ക് ഗ്രാമസഭ തീരുമാനവും ഭരണസമിതി അംഗീകാരവും നൽകി 2022 ആഗസ്റ്റ് 12-ാം തീയതി 5 Pmന് മുമ്പ് ഡേറ്റാ എൻട്രി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.<br>ആനാട് ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെയും ഗ്രാമസഭ മിനിട്സിലെ നിർദേശങ്ങൾ / ആക്ഷേപങ്ങൾ കോർഡിനേറ്റർ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സർക്കാർ ഉത്തരവിലെ എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ട് കോ-ഓർഡിനേറ്റർ/കൺവീനർ ലഭ്യമാക്കിയ അനുബന്ധ രേഖകൾ പരിശോധിച്ച് എം.ഐ.എസ്സിൽ ഡേറ്റാ എൻട്രി പൂർത്തീകരിക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.<br>കമ്മിറ്റി ഈ വിഷയം വിശദമായി ചർച്ച ചെയ്തു. ലൈഫ് 2020 യുടെ ഗ്രാമസഭ പരിശോധിച്ച് അംഗീകരിച്ച് ഡേറ്റാ എൻട്രി നടത്തിയ പട്ടിക ഇന്ന് (12.08.2022) ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി നിരസിച്ചതായും ആയതിന്മേൽ മെമ്പർമാരുടെ അഭിപ്രായം അറിയിക്കുന്നതിനും പ്രസിഡൻറ് നിർദ്ദേശിച്ചു.സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നടപടി ക്രമങ്ങൾ മാത്രം പാലിച്ച് കൊണ്ട് നടത്തിയ ടി ഗ്രാമസഭയിൽ ജനപ്രതിനിധികൾക്ക് കാര്യമായി യാതൊരു പങ്കും ഇല്ലായെന്നും, ലൈഫ് 2020 ലിസ്റ്റ് പരിശോധിച്ച് ആയതിൻറെ മുൻഗണന ക്രമത്തിൽ മാറ്റം വരുത്തുന്നതിന് ജനപ്രതിനിധികൾക്ക് അവസരം നൽകിയില്ലായെന്നും ആയതിനാൽ ടി കരട് ലൈഫ് 2020 പട്ടിക അംഗീകരിക്കുകയില്ലായെന്ന് പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന അഭിപ്രായപ്പെട്ടു. സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ ലൈഫ് 2020-യുടെ ഗ്രാമസഭയുടെ അംഗീകാരം ലഭിച്ച ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്നതിലെ പ്രാധാന്യവും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിൻറെ ഗൗരവവും സെക്രട്ടറി യോഗത്തെ അറിയിച്ചു. എന്നാൽ സർക്കാർ പുറപ്പെടുവിച്ച ഗ്രാമസഭാ മാർഗ്ഗ നിർദ്ദേശത്തിൽ ജനപ്രതിനിധികൾക്ക് യാതൊരു പ്രാധാന്യവും നൽകാത്ത സാഹചര്യത്തിൽ ടി ഗ്രാമസഭ അംഗീകരിച്ച പട്ടിക യോഗം അംഗീകരിക്കുകയില്ലെന്നും, ടി ലിസ്റ്റിൽ ഉണ്ടാകുന്ന ആക്ഷേപങ്ങൾക്ക് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് യാതൊരു ഉത്തരവാദിത്തവും ഉണ്ടാകുകയില്ലെന്നും ടി വിവരം പഞ്ചായത്ത് കമ്മിറ്റിയുടെ പ്രതിഷേധമായി സർക്കാരിനെ അറിയിക്കുന്നതിനും യോഗം ഐകകണ്ഠേന തീരുമാനിച്ചു. |
| 2 | 29/08/22 | 3,1 | ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ അർഹരായവർ ഒഴിവാകുകയും അനർഹർ ഉൾപ്പെടുകയും ചെയ്തിട്ടുള്ളതിനാൽ ആയത് പുനഃപരിശോധിക്കുന്നതിന് ബഹു. സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 3 | 11/10/22 | 6,1 | ആനാട് ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി ഗുണഭോക്താക്കൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും അപേക്ഷകരെ മൊത്തം ഉൾപ്പെടുത്തിയ ലിസ്റ്റ് അന്വേഷണ ഉദ്യോഗസ്ഥർ വഴി വെരിഫിക്കേഷൻ നടത്തുകയും കരട് ലിസ്റ്റ് വന്നപ്പോൾ അർഹതപ്പെട്ട നിരവധിപ്പേർ ലിസ്റ്റിൽ ഇല്ലാതെ അനർഹരുടെ പട്ടികയിൽ ഉൾപ്പെടുകയാണുണ്ടായത്. തുടർന്ന് അപ്പീൽകൊടുക്കാമെന്ന ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലും ബഹു ജില്ലാ കളക്ടർക്കും അപ്പീൽ നൽകിയെങ്കിലും ഭൂരിപക്ഷം ഗുണഭോക്താക്കളുടെയും അപ്പീൽ പരിഹണിക്കുകയുണ്ടായില്ല. കൂടാതെ പ്രായം കൂടിയവരെ ഉൾപ്പടെ ക്ലേശഘടകങ്ങളിൽ ഉൾപ്പെടുത്തിയപ്പോൾ അർഹതയുള്ളവർ ലിസ്റ്റിൽ പുറകിലോട്ട് പോകുകയും ചെയ്തു. ഇപ്രകാരം അർഹതപ്പെട്ടവർ ലിസ്റ്റിൽ ഉൾപ്പെടാതിരിക്കുകയും ഉൾപ്പെട്ടവരിൽ തന്നെ അർഹതയുള്ളവർ പുറകിലോട്ടു പോയതും പുന പരിശോധിക്കേണ്ടതുണ്ടെന്ന് കമ്മിറ്റി വിലയിരുത്തി. ആയതിനാൽ ലൈഫ് 2020 അന്തിമ ലിസ്റ്റ് പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |

(* വിവരങ്ങൾ സകർമ്മ മിനിട്സ് പ്രകാരം)

ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അനർഹരായ 164 പേരുടെ പട്ടിക ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് മിഷന് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് എത്തുകയും ടി ലിസ്റ്റിൽ തിരുത്തൽ വരുത്താൻ നിലവിൽ സാധിക്കുകയില്ല എന്നും ആയതിന് സർക്കാർ സംവിധാനം നൽകുന്ന മുറയ്ക്ക് പരാതി പരിഹരിക്കുന്നതിന് അവസരം നല്കുന്നതാണെന്നും അറിയിച്ചതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ

ഭൂരഹിതർക്കും ഭൂരഹിത- ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നല്കുക എന്ന ഉദ്ദേശത്തിൽ ആവിഷ്കരിച്ച ലൈഫ് പദ്ധതിയിൽ അനർഹർ ഉൾപ്പെട്ടത് അംഗീകരിക്കാവുന്നതല്ല. ലൈഫ് ഭവന പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടികയിൽ ആക്ഷേപങ്ങൾ ഉയർന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 കൺവീനർ മുഖാന്തിരം നിർവ്വഹിച്ച പ്രവർത്തിയിൽ അധികം തുക അനുവദിച്ചു- 9,252/- രൂപയുടെ അധികച്ചെലവ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ കെട്ടിട നവീകരണം പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം., പേര് | Pro:No: 76, ഗവ. LPS കൊല്ലാ കെട്ടിട നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ഗുണഭോക്തൃ സമിതി |
| എം ബുക്ക് നം. | എം ബുക്ക് നം. 136/22, 1,50,000/- |
| ഫണ്ട് | MF (NR) |
| ബിൽ നം. | 579/28.3.23, 1,41,415 |

ടി പ്രവർത്തിയിൽ എം ബുക്ക് പേജ് നം. 4 പ്രകാരം 1,32,163.28 രൂപ പ്രവർത്തി മൂല്യം കാണിച്ചിട്ടുണ്ട്. ഇതിൻ നിന്നും വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുകയായ 5% കുറവ് ചെയ്തതിനു ശേഷം വരുന്ന തുകക്ക് IT, KCWWF എന്നീ തുകകൾ കിഴിവ് വരുത്തിയ ശേഷമുള്ള തുകയാണ് ഗുണഭോക്തൃ സമിതികൾ മുഖന്തിരമുള്ള പ്രവർത്തികളിൽ നൽകുന്നത്. മേൽ പറഞ്ഞ പ്രവർത്തിയിൽ തുക നൽകിയിരിക്കുന്നത് ചുവടെ പറയും പ്രകാരമാണ്.

Value Of Workdone- 1,32,163.28

Add 12 % Gst 15,859.59

Total 1,48,022.87

Deduct 5 % -OH 6608

Requisition Amount 1,41,415/-

2 % (IT, KCWWF) 2828 (1414 X 2)

Amount Paid To Convenor : 1,38,587/-

ഗുണഭോക്തൃ സമിതി മുഖാന്തിരമുള്ള പ്രവർത്തിയായതിനാലും HM (കൺവീനർ) ന് GSTരജിസ്ട്രേഷൻ ഇല്ലാത്തിനാലും 12 % Gst വിഹിതം (കോംപൻസേഷൻ) അനുവദിക്കേണ്ടതില്ലാത്തതാകുന്നു. ആയതിനാൽ Value Of Workdone ൽ നിന്നും 5 % OH കുറച്ചതിനുശേഷം IT, KCWWF എന്നിവ ഈടാക്കിയതിനു ശേഷം ശേഷിക്കുന്ന തുക കൺവീനർക്ക് നൽകിയിൽ മതി എന്നിരിക്കെ ഇത്തരത്തിൽ തുക അനുവദിക്കാനുള്ള കാരണം വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 16, തീയതി : 12.10.2023) ലഭ്യമാക്കിയ മറുപടിയിൽ, ടി പ്രവർത്തിയിൽ 5% OH കുറക്കേണ്ടതില്ലായിരുന്നുവെന്നുവെങ്കിലും ആയത് കൂടി കുറച്ചിട്ടാണ് തുക അനുവദിച്ചതെന്നും, ആയത് കൂടി പരിഗണിച്ച് തുക അധികമായി നൽകിയത് ക്ലറിക്കൽ പിശകായി കാണണമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ അധികം തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചീഫ് എഞ്ചിനീയറുടെ 16.03.2018 ലെ നം. ഡി.ബി.3-9058/17/സിഇ/തസ്വഭവ നമ്പർ കത്തിൽ ഗുണഭോക്തൃ സമിതി നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് 5 % തുക കുറവ് ചെയ്ത് ബിൽ തയ്യാറാക്കിയാൽ മതിയാകുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്.

ഇത്തരത്തിൽ അധികം തുക നൽകിയ വിഷയത്തിൻ മേൽ കൂടുതൽ വിശദീകരണം/മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതും ചെലവ് നിരാകരിക്കുന്നതുമാണ്.

## 1-26 സൈഡ് വാൾ നിർമ്മാണത്തിൽ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ശരിയായ രീതിയിൽ തയാറാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 204/22-23 നെട്ടറ താമരക്കുളം റോഡ് സൈഡ് വാൾ, പ്രോജക്റ്റ് നം.70/22-23, മരുതംമൂട് അരംപാലി റോഡ് ഡ്രെയിൻ നിർമ്മാണം, പ്രോജക്റ്റ് നം. 69/22-23, Sewage Drain Adjoining Roads എന്നീ പ്രവർത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

A. Pro:No:204 നെട്ടറ താമരക്കുളം റോഡ് സൈഡ് വാൾ

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | പ്രോജക്ട് നം. 204/22-23 നെട്ടറ താമരക്കുളം റോഡ് സൈഡ് വാൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | രാഹുൽ |
| എം ബുക്ക് നം | ഇ എം ബുക്ക് , LSGD/CELSGD/EST/44383/2022, 670000/- |
| ക്വാട്ട് ചെയ്ത തുക | 621180 Cost Index 35.59% |
| ഫണ്ട് | MF (R) |
| ബിൽ നം | 309/7.2.23, 63260<br>308/7.2.23, 670000 |

ടി പ്രവർത്തിയിൽ 11.1.1.1. പ്രകാരം 205 X .5 X .3 എസ്കവേഷനം, 11.4.1.1 PCC 205 X .5 X .1 അളവിൽ PCC യും ചെയ്തിട്ടുണ്ട്. (അളവുകൾ മീറ്ററിൽ)

B.

പ്രോജക്ട് നം. 70/22-23, മരുതംമൂട് അരംപാലി റോഡ് ഡ്രെയിൻ നിർമ്മാണം

| | |
|---|---|
| പ്രോജക്ടിന്റെ നം., പേര് | പ്രോജക്ട് നം. 70/22-23,<br>മരുതംമൂട് അരംപാലി റോഡ് ഡ്രെയിൻ നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | രതീഷ് |
| എം ബുക്ക് നം | ഇ എം ബുക്ക് , നം. 109/22 |
| ക്വാട്ട് ചെയ്ത തുക | 169268, Cost Index 35.59% |
| ഫണ്ട് | MF (R) |
| ബിൽ നം. | 9/21.5.22, 175377<br>10/21.5.22, `14176 |

ടി പ്രവർത്തിയിൽ 11.1.1.1. പ്രകാരം 65 X .85 X .6 എസ്കവേഷനം, 11.4.1.1 PCC 65 X .85 X .1 അളവിൽ PCC യും ചെയ്തിട്ടുണ്ട്.

C.

പ്രോജക്ട് നം.69/22-23, Sewage Drain Adjoining Roads

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | പ്രോജക്ട് നം.69/22-23, Sewage Drain Adjoining Roads |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | രതീഷ് |
| എം ബുക്ക് നം | ഇ എം ബുക്ക്, നം. 117/22-23 |
| ക്വാട്ട് ചെയ്ത തുക | 1055234, Cost Index 35.59% |
| ഫണ്ട്, അടങ്കൽ | CFC, 1182270 |
| ബിൽ നം | 56/6.8.22, 11778360 |

ടി പ്രവർത്തിയിൽ 11.1.1.1. പ്രകാരം 200 X .85 X .6, 25 X .85 X .6, 9.2 X .9 X .65, 148 X .85 X .6 എസ്കവേഷനം, 11.4.1.1 PCC 200 X .85 X .1, 25 X .85 X .1, 9.2 X .9 X 15, 148 X .85 X .1 അളവിൽ PCC യും ചെയ്തിട്ടുണ്ട്.

മേൽ പ്രവർത്തികളിൽ എസ്കവേഷൻ നടത്തിയ ഇതേ നീളത്തിലും വീതിയിലും 10 Cm കനത്തിൽ Pcc Bed Concrete ചെയ്തിട്ടുണ്ട്. Specification 11.4.1.1 ൽ ഫോം വർക്ക് ഉൾപ്പെടുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ എസ്കവേഷൻ ചെയ്ത അതേ അളവിൽ തന്നെ Bed Concrete ചെയ്യാനുള്ള സാഹചര്യവും വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.-16, തീയതി : 12.10.2023,) ലഭ്യമാക്കിയ മറുപടിയിൽ ഫോം വർക്ക് ഉൾപ്പെടുന്ന വീതിയിലാണ് എസ്കവേഷൻ എടുത്തിട്ടുള്ളതെന്നും എന്നാൽ PCC ഇടുന്ന വീതി മാത്രമാണ് എം ബുക്കിൽ അളവ് രേഖപ്പെടുത്തിയതെന്നും അറിയിച്ചിട്ടുണ്ട്. കൂടുതൽ അളവിൽ എസ്കവേഷൻ നടത്തിയതിന ശേഷം ആവശ്യമായ അളവിലാണ് പ്രവർത്തി നിർവ്വഹിക്കുന്നതെങ്കിൽ ടി വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിശദീകരിക്കേണ്ടതാണ്. ഇത്തരത്തിൽ പ്രവർത്തി നിർവ്വഹിക്കുന്ന വിവരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ലാത്തതാകുന്നു. ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി നിർവ്വഹിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ജനൽ നിർമ്മാണത്തിൽ തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചു - 13,040 /- രൂപയുടെ ചെലവ് തടസം ചെയ്യുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 75/22-23, ആനാട് പി.എച്ച്.സി ബിൽഡിംഗ് നവീകരണം എന്ന പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം. 75/22-23, ആനാട് പി.എച്ച്.സി ബിൽഡിംഗ് നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | രാഹുൽ |
| എം ബുക്ക് നം | എം ബുക്ക് 110/22-23, 8,00,000/- |
| ക്വാട്ട് ചെയ്ത തുക | 7,13,844.73 Cost Index 35.59%, DSR 2018 |
| ഫണ്ട് | MF (NR) |
| ബിൽ നം. | 27/21.6.2022, 7,99,506/- |

ടി പ്രോജക്റ്റിൽ ജനൽ നിർമ്മാണത്തിൽ, കമ്പികൾ (35 Mm Flat,12 Mm Bar) വെൽഡിംഗ് ഇല്ലാതെ മരത്തിന്റെ ഫ്രയിമിൽ വെക്കുക മാത്രമാണ് ചെയ്തതിട്ടുള്ളത്. 17.10.2023 തീയതിയിൽ അസിസ്റ്റന്റ് എൻജിനീയറോടൊപ്പം നടത്തിയ സ്ഥല പരിശോധനയിലും ഇതേ രീതിയിലാണ് പ്രവർത്തി നിർവ്വഹിച്ചതെന്ന് വ്യക്തമാവുകയും ആയത് സ്ഥല പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. ആയതിന് DAR 9.48.2 പ്രകാരമുള്ള നിരക്കാണ് (215.99/kg) അനുവദിച്ചിട്ടുള്ളത്. ടി നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ടി നിരക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 25, തീയതി : 17.10.2023) ലഭ്യമാക്കിയ മറുപടിയിൽ, ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ചിരുന്ന DAR 14.29 എന്ന ഇനം കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഉപയോഗിക്കുന്ന ഇനമാണെന്നും പുതിയ നിർമ്മാണത്തിൽ ടി ഇനം അനുവദിക്കാറില്ലെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ നൽകിയിരിക്കുന്ന DAR9.48.2 സ്പെസിഫിക്കഷനിൽ Welding Charge ന് നിരക്ക് ഉൾപ്പെടുന്നുണ്ട്. ടി പ്രവർത്തിയിലെ ജനൽ നിർമ്മാണത്തിൽ, കമ്പികൾ വെൽഡിംഗ് ഇല്ലാതെ മരത്തിന്റെ ഫ്രയിമിൽ വെക്കുകയാണ് ചെയ്തതിട്ടുള്ളതെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

DAR 9.48.2, DAR 14.29 എന്നി ഇനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

DAR 2018 VOL I ൽ SUB HEAD : 9.0 WOOD & PVC WORK എന്ന ഭാഗത്ത് ചുവടെ പറയുന്ന തരത്തിൽ പ്രവർത്തി നിർവ്വഹിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്.

DAR 9.48-- Providing And Fixing M.S. Grills Of Required Pattern In Frames Of Windows Etc. With M.S. Flats, Square Or Round Bars Etc. Including Priming Coat With Approved Steel Primer All Complete.

9.48.2----Fixed To Openings /Wooden Frames With Rawl Plugs Screws Etc.... ടി സ്പെസിഫിക്കേഷൻ പരിശോധിക്കുമ്പോൾ ഇതിൽ Welding Charge ന് നിരക്ക് ഉൾപ്പെടുന്നുണ്ട്. ടി പ്രവർത്തിൽ വെൽഡിംഗ് ഉൾപ്പെടാത്തതിനാൽ DAR 9.48.2 ഉപയോഗിക്കുമ്പോൾ വെൽഡിംഗ് ചാർജ് ഒഴിവാക്കിയുള്ള നിരക്ക് നൽകണമായിരുന്നു. അപ്രകാരം ചെയ്തതായി കാണുന്നില്ല.ആയതിനാൽ മരത്തിന്റെ ഫ്രയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 (Providing And Fixing M.S. Round Or Square Bars With M.S. Flats At Required Spacing In Wooden Frames Of Windows And Clerestory Windows) പ്രകാരമുള്ള നിരക്ക് അനുവദിച്ചാൽ മതിയാകുന്നതാണ്.

മേൽ പ്രവർത്തികളിൽ യഥാർത്ഥത്തിൽ അനുവദിക്കാവുന്ന തുക സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അനുവദിച്ച നിരക്ക്

(എം ബുക്ക് പേജ് നം. 21,40 പ്രകാരം 12 Mm- 83.028 Kg യും, Flat 61.88 Kgയും ഉൾപ്പെടെ ആകെ 144.908 Kg ഉപയോഗിച്ചിട്ടുണ്ട്. ഇത് 143. 015 Kg ൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. )

143. 015 Kg X 215.99 = 30,889.81

അനുവദിക്കാവുന്ന നിരക്ക് (DAR 14.29 - 92.05 + Cost Index 35.59% )

143. 015 Kg X 124.81 = 17,849.70

അധികം നൽകിയ നിരക്ക് - 13,040 /- രൂപ (30,889.81 - 17,849.70)

ഇത്തരത്തിൽ അധികം നൽകിയ 13,040/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ടി വിഷയത്തിൻ മേൽ കൂടുതൽ വിശദീകരണം/മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതും ചെലവ് നിരാകരിക്കുന്നതുമാണ്.

## 1-28 മിനി എം.സി എഫ് നിർമ്മാണത്തിൽ അധികം തുക നൽകി- 5,861/- രൂപയുടെ ചെലവ്

തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.53/22-23, Installation Of Mini MCF പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം., പേര് | പ്രോജക്ട് നം. 53/22-23 , Installation Of Mini MCF |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | നിഷാദ് |
| എം ബുക്ക് നം. | എം ബുക്ക് നം. 57/2021 |
| ക്വാട്ട് ചെയ്ത തുക | 14,46,000/-, Cost Index 37.93%, Dsr 2016 |
| ഫണ്ട്, അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട് – 793404/- |
| ചെലവ്/ബിൽ നം. | 580678/-, 19/4.6.2022 |

ടി പ്രോജക്ടിലെ റൂഫിംഗ് പ്രവൃത്തിയിൽ 65 Mm ജി.ഐ പൈപ്പുകൾ 10 എണ്ണം (138.3 Kg ) ഉപയോഗിച്ച് പില്ലറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റ് ഐറ്റം നം. 8 ൽ DAR 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.).... പ്രകാരമുള്ള നിരക്കാണ് (123/kg) നൽകിയിട്ടുള്ളത്. 17.10.2023 തീയതിയിൽ അസിസ്റ്റന്റ് എൻജിനീയറോടൊപ്പം നടത്തിയ സ്ഥല പരിശോധനയിലും ഇതേ രീതിയിലാണ് പ്രവർത്തി നിർവ്വഹിച്ചതെന്ന് വ്യക്തമാവുകയും ആയത് സ്ഥല പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

DAR 10.16.1 ഇനം Tie Beam, Rafter,members.welding By Electric Plant എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നൽകുന്ന നിരക്കാണ്. തറയിൽ ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾക്ക് DAR 10.1 നിരക്ക് നൽകിയാൽ മതിയാകുന്നതാണ്.ഈ പഞ്ചായത്തിലും മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലും സമാനമായ വിവിധ പ്രവൃത്തികളിൽ DAR 10.1 നിരക്കാണ് നൽകിയിട്ടുള്ളത് (ഉദാ. പ്രോജക്ട് നം.47/22-23). പ്രോജക്ട് എസ്റ്റിമേറ്റ് ഐറ്റം നം.4 പ്രകാരം ജി.ഐ പൈപ്പുകൾ തറയിൽ ഉറപ്പിക്കുന്നതിനായി DAR 5.9.1 പ്രകാരം സെന്ററിംഗ് & ഷട്ടറിംഗ് പ്രവർത്തിയും, ഐറ്റം നം.3 പ്രകാരം ടി ജി.ഐ പൈപ്പുകൾ തറയിൽ ഉറപ്പിക്കുന്നതിനായി DAR 4.1.8 പ്രകാരം 1:4:8 അനുപാതത്തിൽ കോൺക്രീറ്റും നടത്തിയിട്ടുണ്ട്. ഈ പറഞ്ഞ രീതിയിൽ ജി.ഐ പൈപ്പുകൾ തറയിൽ ഉറപ്പിക്കുന്നതിനായി DAR 10.16.1 എന്ന നിരക്ക് അതുകൊണ്ട് തന്നെ നൽകേണ്ടതായിട്ടില്ലാത്തതാകുന്നു. മേൽ സാഹചര്യത്തിൽ ജി.ഐ പൈപ്പുകൾ ഉപയോഗിച്ച് പില്ലറുകൾ സ്ഥാപിക്കുന്ന പ്രവർത്തിക്ക് DAR 10.16.1 എന്ന നിരക്ക് പ്രകാരമുള്ള തുക അനുവദിക്കാനുള്ള കാരണം വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 16, തീയതി : 12.10.2023) ലഭ്യമാക്കിയ മറുപടിയിൽ, ടി പ്രവർത്തിയിൽ Hollow Tubes ഉപയോഗിച്ച് വെൽഡിംഗ് ഉൾപ്പെട്ടിട്ടുള്ള പ്രവർത്തിയാണ് നിർവ്വഹിച്ചത് എന്നും അതിന് DAR 10.1 എന്ന ഇനം അനുയോജ്യമാകാത്തതിനാലാണ് പ്രസ്തുത ഇനം നൽകിയത് എന്ന് വിശദീകരിച്ചിട്ടുണ്ട്. തറയിൽ ജി.ഐ പൈപ്പുകൾ ഉപയോഗിച്ച് പില്ലറുകൾ സ്ഥാപിക്കുന്ന പ്രവർത്തിക്ക് DAR 10.1 എന്ന ഇനം നൽകുകയും അതിനു ശേഷം ടി പൈപ്പുകൾക്ക് മുകളിൽ സ്ട്രക്ച്ചർ നിർമ്മിക്കുന്ന പ്രവർത്തിക്ക് DAR 10.16.1 എന്ന ഇനം നൽകാവുന്നതാണ്. അതിനാൽ തന്നെ മറുപടി അംഗീകരിക്കാവുന്നതല്ല.

65 MM ജി.ഐ പൈപ്പുകൾ ഉപയോഗിച്ച് പില്ലറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അനുവദിച്ച തുക (DAR 10.16.1 പ്രകാരം )

എം ബുക്ക് പേജ് നം. 53, 34, 42 പ്രകാരം 138.3 Kg X Rs. 123/kg (കരാറുകാരൻ ക്വാട്ട് ചെയ്ത തുക) = 17,010.9

അനുവദിക്കാവുന്ന തുക 138.3 Kg X Rs. 80.62/Kg* = 11,149.75

അധികം നൽകിയ തുക = 5861.15 രൂപ (17,010.9 – 11,149.75) = 5861/-

*- DAR 2016 നിരക്ക് - 58.45/kg + Cost Index 37.93 %

ഇത്തരത്തിൽ അധികം നൽകിയ 5,861/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ടി വിഷയത്തിൻ മേൽ കൂടുതൽ വിശദീകരണം/മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതും ചെലവ് നിരാകരിക്കുന്നതുമാണ്.

## 1-29 ഇ ടെൻഡർ ഫീ തുകകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷം ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ ഫീ ഇനത്തിൽ എത്ര രൂപ ലഭ്യമായിട്ടുള്ളതിന്റെയും, ടി തുക വരവായി ലഭിച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് വിവരങ്ങൾ ലഭ്യമാക്കുന്നതിനായും, ടി തുകകൾ ഗ്രാമ പഞ്ചായത്തിന്റെ അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിലാണോ ലഭ്യമായിട്ടുള്ളത് എന്നുള്ള വിവരവും അല്ലായെങ്കിൽ ടി തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനു സ്വീകരിച്ച നടപടികളും വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 16, തീയതി : 12.10.2023) ലഭ്യമാക്കിയ മറുപടിയിൽ, പ്രസ്തുത വർഷം 1,38,305/- രൂപ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും, ടി തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകി എന്നും

അറിയിച്ചിട്ടുണ്ട്. 2023 ഒക്ടോബർ മുതൽ അസിസ്റ്റന്റ് എൻജിനീയറുടെ അക്കൌണ്ട് ഇ ടെൻഡർ സൈറ്റുമായി മാപ്പ് ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ടി തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 റൂഫിംഗ്,ബിൻ നിർമ്മാണത്തിന് ഉയർന്ന നിരക്ക് നൽകി പ്രവർത്തി നിർവ്വഹിച്ചു- 76,469/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ Project No. 67/22-23, തുമ്പൂർമുഴി സ്ഥാപിക്കൽ എന്ന പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം., പേര് | Project No. 67/22-23, തുമ്പൂർമുഴി സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | നിഷാദ് |
| എം ബുക്ക് നം | എം ബുക്ക് നം. 122/22-23, 14,00,000/- |
| ക്വാട്ട് ചെയ്ത തുക | 9,57,101.5/-, Cost Index 35.59%, DSR 2018 |
| ഫണ്ട്, അടങ്കൽ | CFC, കേന്ദ്രാവിഷ്കൃത ഫണ്ട് - 14,00,000/- |
| ചെലവ്, ബിൽ നം. | 1071953/-, 171/7.12.2022, 4,20,000/- |

Project No. 67/22-23, തുമ്പൂർമുഴി സ്ഥാപിക്കൽ എന്ന പ്രവർത്തിയിൽ 80 Mm GI Pipe Pillar (10 Nos), റൂഫിംഗ്, ബിൻ നിർമ്മാണം എന്നിവ സംബന്ധമായ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് ഐറ്റം നം. 8ൽ DAR 10.26.3 പ്രകാരമുള്ള നിരക്കാണ് (186.03/kg, കരാറുകാരൻ ക്വാട്ട് ചെയ്തത് 191/kg) നൽകിയിരിക്കുന്നത്. മേൽ പറഞ്ഞ പ്രവർത്തികൾക്ക് അനുയോജ്യമായ DAR Specification നൽകാം എന്നിരിക്കെ ഇത്തരത്തിൽ ഉയർന്ന നിരക്ക് നൽകിയതിന് കാരണം വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.-16, തീയതി : 12.10.2023,) ലഭ്യമാക്കിയ മറുപടിയിൽ, ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് ചീഫ് എൻജിനീയറുടെ സൈറ്റിൽ അപ് ലോഡ് ചെയ്തിരിക്കുന്ന സാങ്ഷൻഡ് എസ്റ്റിമേറ്റിൽ നിന്നാണ് എടുത്തിട്ടുള്ളതെന്നും, കൂടാതെ ബിൻ നിർമ്മാണത്തിന് റൂഫിംഗിനേക്കാൾ കൂടുതൽ ലേബറും, കട്ടിംഗ് വേസ്റ്റും വരുന്നതിനാലാണ് ടി ഐറ്റം ഉൾപ്പെടുത്തിയത് എന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

DAR ൽ 10.26 എന്ന ഇനത്തിന് നൽകിയിരിക്കുന്ന വിശദീകരണം ചുവടെ ചേർക്കുന്നു.

10.26 Providing And Fixing Hand Rail Of Approved Size By Welding Etc. To Steel Ladder Railing, Balcony Railing, Staircase Railing And Similar Works, Including Applying Priming Coat Of Approved Steel Primer.

10.26.3 G.I. Pipes

ഇതിൽ നിന്നും പ്രസ്തുത സ്പെസിഫിക്കേഷൻ ജി.ഐ പൈപ്പുകൾ ഉപയോഗിച്ചുള്ള Hand Railസംബന്ധമായ പ്രവർത്തിയാണെന്ന് വ്യക്തമാണ്. ടി പ്രവർത്തിയിൽ എസ്റ്റിമേറ്റ് ഐറ്റം നം. 3 ൽ DAR 4.1.3 പ്രകാരം (For Fixing The GI Pipe, Pillar Fixing Bin) എന്നിവക്കായി 1:2:4 അനുപാതത്തിൽ കോൺക്രീറ്റും നടത്തിയിട്ടുണ്ട്. ഇത് GI Pipe Pillar സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഇനമാണ്. ടി ജി.ഐ പൈപ്പുകൾ തറയിൽ ഉറപ്പിക്കുന്നതിനായി ഇപ്രകാരം കോൺക്രീറ്റും നടത്തിയിട്ടുണ്ട്. 17.10.2023 തീയതിയിൽ അസിസ്റ്റന്റ് എൻജിനീയറോടൊപ്പം നടത്തിയ സ്ഥല പരിശോധനയിലും ഇതേ രീതിയിലാണ് പ്രവർത്തി നിർവ്വഹിച്ചതെന്ന് വ്യക്തമാവുകയും ആയത് സ്ഥല പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. എന്നാൽ ജി.ഐ പൈപ്പ് പില്ലറുകൾ തറയിൽ ഉറപ്പിച്ചതിനു ശേഷം മേൽക്കൂര നിർമ്മാണത്തിനുള്ള സ്ട്രക്ച്ചർ നിർമ്മാണത്തിൽ അതിന് അനുയോജ്യമായ DAR 10.16.1 നൽകാതിരുന്നതിന് വിശദീകരണം നൽകിയിട്ടില്ല. DAR 10.16.1 ഇനം Tie Beam, Rafter,members,welding By Electric Plant എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നൽകുന്ന നിരക്കാണ്. അതുകൊണ്ട് തന്നെ മേൽക്കൂര നിർമ്മാണത്തിനു DAR 10.16.1 ഉപയോഗിച്ചാൽ മതിയാകുന്നതാണ്. DAR 10.26.3 സ്പെസിഫിക്കേഷനിൽ മേൽക്കൂര നിർമ്മാണത്തിനുപയോഗിക്കുന്ന Tie Beam, Rafter,members എന്നിവ ഉൾപ്പെടുന്നില്ല. കൂടാതെ ബിൻ നിർമ്മാണത്തിൽ ജി.ഐ പൈപ്പ് തറയിൽ ഉറപ്പിച്ചതിനു ശേഷം (4 എണ്ണം) അവയെ യോജിപ്പിച്ചുകൊണ്ട് വെർട്ടിക്കലായി ജി.ഐ പൈപ്പുകൾ ഉപയോഗിച്ച ബന്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനും Hand Rail നിർമ്മാനത്തിനായുള്ള DAR 10.26.3 നിരക്ക് നൽകേണ്ടതില്ലാത്തതാകുന്നു.

ടി പ്രവർത്തിയിൽ നൽകാവുന്ന നിരക്ക് ചുവടെ പറയും പ്രകാരമാണ്.

GI Pipe Pillar സ്ഥാപിക്കുന്നതിന് DAR 10.1 ഉം, ശേഷിക്കുന്ന Roofing, Bin നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് DAR 10.16.1 നിരക്കും നൽകാവുന്നതാണ്.

മേൽ പ്രവർത്തികളിൽ യഥാർത്ഥത്തിൽ അനുവദിക്കാവുന്ന തുക സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം നൽകിയ നിരക്ക് |
|---|---|---|
| ആകെ മെറ്റീരിയൽ 2153.271 Kg | GI Pipe Pillar - 448.63 Kg | 76,469/- രൂപ |

| | | |
|---|---|---|
| (എം ബുക്ക് പേജ് 10,20,46 പ്രകാരം) | (എം ബുക്ക് പേജ് 10 പ്രകാരം) | (4,09,688.22-3,33,219.23) |
| 1834.048 Kg X 191/kg = 3,50,303.168<br>(ക്വാട്ട് ചെയ്തത് 191/kg) | DAR 10.1 - 448.63 Kg X 101.29/kg = 45,441.7327 | |
| 319.223 Kg X 186.03/kg* = 59,385.05<br>(* എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ അനുവദിച്ച നിരക്ക്) | DAR 10.16.1 – 1385.418 X 168.82 /Kg = 2,33,886.27 | |
| | 319.223 X 168.82 = 53,891.23 | |
| ആകെ 2153.271 Kg തുക : 4,09,688.22 രൂപ | ആകെ 2153.271 Kg തുക : 3,33,219.23 രൂപ | |

ഇത്തരത്തിൽ അധികം നൽകിയ 76,469/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ടി വിഷയത്തിൻ മേൽ കൂടുതൽ വിശദീകരണം/മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതും ചെലവ് നിരാകരിക്കുന്നതുമാണ്.

## 1-31 തെറ്റായ സ്പെസിഫിക്കേഷൻ നൽകി പ്രവർത്തി നിർവ്വഹിച്ചു- 5,044/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.66/22-23, Market Toilet And Drain പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം 66/22-23, Market Toilet And Drain |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | രതീഷ് |
| എം ബുക്ക് നം. | എം ബുക്ക് നം. 121/22-23 |
| ക്വാട്ട് ചെയ്ത തുക | Estimate Rate , Cost Index 35.59% Dsr 2018, 5,23,000/ |
| ഫണ്ട് | CFC |
| ബിൽ നം. | 199/17.12.2022, 5,19,824/- |

മേൽ പ്രോജക്റ്റിൽ Gate, Door, Grill, Well Cover എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് ഐറ്റം നം. 7ൽ DAR 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.).... നിരക്കാണ് (168/kg) നൽകിയിട്ടുള്ളത്. 17.10.2023 തീയതിയിൽ അസിസ്റ്റന്റ് എൻജിനീയറോടൊപ്പം നടത്തിയ സ്ഥല പരിശോധനയിലും ഇതേ രീതിയിലാണ് പ്രവർത്തി നിർവ്വഹിച്ചതെന്ന് വ്യക്തമാവുകയും ആയത് സ്ഥല പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. ഇവിടെ DAR 10.25.2 എന്ന ഇനം നൽകിയിൽ മതി എന്നിരിക്കെ ഉയർന്ന നിരക്ക് നൽകാനുള്ള കാരണം വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 16, തീയതി : 12.10.2023) ലഭ്യമാക്കിയ മറുപടിയിൽ, ടി പ്രവർത്തിയിൽ Gate, Door, Grill, Well Cover എന്നിവയുടെയെല്ലാം Frame Work Tubular Structure ൽ തന്നെയാണ് നൽകിയിരിക്കുന്നത് ആയതിനാലാണ് ടി ഐറ്റം നൽകിയത് എന്നും വിശദീകരിച്ചിട്ടുണ്ട്. DAR 10.16.1 ഇനം Tie Beam, Rafter,members,welding By Electric Plant എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നൽകുന്ന നിരക്കാണ്. ഇവിടെ ഇത്തരത്തിലുള്ള മെറ്റീരിയിൽ ഉപയോഗിച്ചുള്ള പ്രവർത്തിയല്ല നടന്നത് എന്ന് വ്യക്തമാണ്. ആയതിനാൽ മറുപടി അംഗീകരിക്കുന്നതിന് സാധിക്കുന്നതല്ല.

DAR ൽ 10.25.2 എന്ന ഇനത്തിന് നൽകിയിരിക്കുന്ന വിശദീകരണം ചുവടെ ചേർക്കുന്നു.

10.25 Steel Work Welded In Built Up Sections/ Framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc. As Required.

10.25.2 In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works

ഇതിൽ നിന്നും മേൽ പ്രവർത്തികളിൽ DAR 10.25.2 ഇനം നൽകിയാൽ മതിയാകുന്നതാണ് എന്ന് വ്യക്തമാണ്. പ്രസ്തുത ഇനത്തിന്റെ നിരക്ക് DSR 2018 Cost Index 35.59 % ഉൾപ്പെടെ 154.18 ആണ്.

മേൽ പ്രവർത്തിയിൽ യഥാർത്ഥത്തിൽ അനുവദിക്കാവുന്ന തുക സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അനുവദിച്ച തുക (എം ബുക്ക് പേജ് നം. 10,24, 365 Kg മെറ്റീരിയൽ ഉപയോഗിച്ച്) 365 Kg X 168 = 61320

അനുവദിക്കാവുന്ന തുക 365 Kg X 154.18 = 56275.7

അധികം നൽകിയ തുക = 5,044/- രൂപ (61320-56275.7)

ഇത്തരത്തിൽ അധികം നൽകിയ 5,044/-രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ടി വിഷയത്തിന്‍ മേൽ കൂടുതൽ വിശദീകരണം/മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതും ചെലവ് നിരാകരിക്കുന്നതുമാണ്.

## 1-32 ഉയർന്ന സ്പെസിഫിക്കേഷൻ നൽകി പ്രവർത്തി നിർവ്വഹിച്ചു- 11,301/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 61/22-23, ഗ്രാമ പഞ്ചായത്തിലെ പൊതു കിണറുകളുടെ നവീകരണവും അറ്റകുറ്റപ്പണിയും എന്ന പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം. 61, ഗ്രാമ പഞ്ചായത്തിലെപൊതു കിണറുകളുടെ നവീകരണവും അറ്റകുറ്റപ്പണിയും |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ഷാജഹാൻ |
| എം ബുക്ക് നം. | എം ബുക്ക് നം. 120/22-23, 14,00,000/- |
| ക്വാട്ട് ചെയ്ത തുക | 12,49,411/-, Cost Index 35.59% |
| ഫണ്ട് | CFC |
| ബിൽ നം. | 596/29.3.23, 5,64,962/- |

ടി പ്രവർത്തിയിൽ നവീകരണത്തിന് ഉൾപ്പെടുത്തിയ എട്ട് കിണറുകളിൽ, ക്ലപ്പ് പൊതു കിണർ, പൂങ്കാവനം പൊതു കിണർ, ചന്ദ്രമംഗലം പൊതു കിണർ, ആലംകോട് പൊതു കിണർ, എന്നിവിടങ്ങളിൽ പ്രവർത്തി നിർവ്വഹിച്ചിട്ടുണ്ട്. ഇതിൽ കിണറിന് കവറിംഗ് (മെറ്റൽ ഉപയോഗിച്ച്) നൽകുന്നതിനായി, ക്ലപ്പ് പൊതു കിണർ പ്രവർത്തിയിൽ എസ്റ്റിമേറ്റ് ഐറ്റം നം. 15 പ്രകാരം DAR 9.48.2. എന്ന ഇനവും (നിരക്ക് 215.99/kg), ശേഷിക്കുന്നവയിൽ DAR 9.48.1 എന്ന ഇനവുമാണ് (നിരക്ക് 194.57/kg) ഉപയോഗിച്ചിരിക്കുന്നത്. ടി സ്പെസിഫിക്കേഷനുകൾ കെട്ടിടങ്ങളുടെ ജനൽ നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. ഇവിടെ DAR 10.25.2 എന്ന ഇനം നൽകിയിൽ മതി എന്നിരിക്കെ ഉയർന്ന നിരക്ക് നൽകാനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 16, തീയതി : 12.10.2023,) ലഭ്യമാക്കിയ മറുപടിയിൽ, ടി പ്രവർത്തിയിൽ കിണറിന്റെ കവറിംഗിന് അനുസരിച്ച കമ്പി വളച്ചെടുക്കേണ്ടതായിട്ടുള്ളതും സർക്കുലാർ, സെമി സർക്കുലാർ ആയതിനാൽ ഓരോ കമ്പിക്കും ഓരോ നീളം വേണ്ടി വരുന്നതിനാൽ വേസ്റ്റേജും, ലേബർ കോസ്റ്റും, സ്പോട്ട് വെൽഡിംഗും കൂടുതലായി വരുന്നതിനാലാണ് ടി ഐറ്റം (9.48.1, 9.48.2) ഉൾപ്പെടുത്തിയത് എന്ന് വിശദീകരിക്കുന്നു. DAR 10.25.2 എന്ന ഇനം നൽകിയാലും വെൽഡിംഗ് ഉൾപ്പെടെയുള്ള പ്രവർത്തികൾ നിർവ്വഹിക്കാൻ കഴിയുന്നതാണ്. കൂടാതെ കിണറുകളിൽ നടത്തുന്ന ഒരേ ഇനം പ്രവർത്തിക്ക് വ്യത്യസ്ത നിരക്കിലുള്ള 9.48.1, 9.48.2 എന്നീ സ്പെസിഫിക്കേഷൻ നൽകാനുള്ള കാരണവും, ടി ഇനത്തിന് കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന നിരക്കുകളായ 9.48.1, 9.48.2 എന്നിവ ഉപയോഗിക്കാനുള്ള കാരണവും വിശദീകരിച്ചിട്ടില്ലാത്തതാകുന്നു.

DAR 2018 VOL I ൽ SUB HEAD : 9.0 WOOD & PVC WORK എന്ന ഭാഗത്ത് ചുവടെ പറയുന്ന തരത്തിൽ പ്രവർത്തി നിർവ്വഹിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്.

DAR 9.48-- Providing And Fixing M.S. Grills Of Required Pattern In Frames Of Windows Etc. With M.S. Flats, Square Or Round Bars Etc. Including Priming Coat With Approved Steel Primer All Complete.

9.48.1---Fixed To Steel Windows By Welding

9.48.2----Fixed To Openings /Wooden Frames With Rawl Plugs Screws Etc.

DAR ൽ 10.25.2 എന്ന ഇനത്തിന് നൽകിയിരിക്കുന്ന വിശദീകരണം ചുവടെ ചേർക്കുന്നു.

10.25 Steel Work Welded In Built Up Sections/ Framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc. As Required.

10.25.2 In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works

ആയതിനാൽ ജനൽ നിർമ്മാണത്തിനുപയോഗിക്കുന്ന ഇനങ്ങൾ, കിണറിന്റെ മേൽമൂടി നിർമ്മാണത്തിന് ഉപയോഗിച്ചതിന് നൽകിയിരിക്കുന്ന വിശദീകരണം അംഗീകരിക്കുന്നതിന് സാധിക്കുന്നതല്ല. ടി പ്രവർത്തികൾക്ക് DAR 10.25.2 എന്ന ഇനം ഉപയോഗിച്ചാൽ മതിയാകുന്നതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത ഇനത്തിന്റെ DSR 2018 പ്രകാരം Cost Index 35.59 % ഉൾപ്പെടെയുള്ള നിരക്ക് 154.18/kg ആണ്.

മേൽ പ്രവർത്തികളിൽ യഥാർത്ഥത്തിൽ അനുവദിക്കാവുന്ന തുക സംബന്ധിക്കുന്ന വിവരങ്ങൾ ചുവട ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തി | ഉപയോഗിച്ച മെറ്റീരിയൽ അളവ് (Kg) | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം നൽകിയ നിരക്ക് |
|---|---|---|---|---|---|
| 1 | ക്ലപ്പ് പൊതു കിണർ (എം ബുക്ക് പേജ് നം. 25, 61) | 62.847 Kg | 215.99/kg X 62.847 Kg = 13574.32 | 154.18/kg X 62.847 Kg = 9689.75 | 3884.57 |
| 2 | പൂങ്കാവനം പൊതു കിണർ (എം ബുക്ക് പേജ് നം. 47, 66) | 58.06 Kg | 194.57/kgx 58.05 Kg = 11296.73 | 154.18/kg X 58.5 Kg = 7776.84 | 3519.89 |
| 3 | ചന്ദ്രമംഗലം പൊതു കിണർ (എം ബുക്ക് പേജ് നം. 50, 72) | 50.44 Kg | 194.57/kg X 50.44 Kg = 9814.11 | 154.18/kg X 50.44 Kg = 7776.84 | 2037.27 |
| 4 | ആലംകോട് പൊതു കിണർ (എം ബുക്ക് പേജ് നം. 32, 80) | 46.03kg | 194.57/kg X 46.03kg= 8956.06 | 154.18/kg X 46.03 Kg = 7096.91 | 1859.15 |
| | | | | ആകെ | 11,300.88 രൂപ |

ഇത്തരത്തിൽ അധികം നൽകിയ 11,300.88/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ടി വിഷയത്തിൻ മേൽ കൂടുതൽ വിശദീകരണം/മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതും ചെലവ് നിരാകരിക്കുന്നതുമാണ്.

## 1-33 ഓഡിറ്റ് പരാമർശത്തെ തുടർന്ന് വാഹന കരാറുകാരനിൽ നിന്നും നികുതി ഈടാക്കി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 211/22-23, ബഡ്സ് സ്കൂൾ പ്രവർത്തനം എന്ന പ്രോജക്റ്റിൽ ബഡ്സ് സ്കൂളിലേക്ക് കരാറെടുത്ത വാഹനത്തിന് വാടകയിനത്തിൽ പ്രതിഫലം നൽകുന്ന തുകയിൽ നിന്നും TDS ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കിയതായി കാണുന്നില്ല. പ്രോജക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 211/22-23, ബഡ്സ് സ്കൂൾ പ്രവർത്തനം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഫണ്ട് | വികസന ഫണ്ട്- 672148/-, തനത് ഫണ്ട്- 186471/- |
| അടങ്കൽ | 12,40,000 |
| ചെലവ് | 8,58,619 |
| ബിൽ നം. | 190/12.12.22, 49,677/-<br>259/12.1.23, 35,000/-<br>302/7.2.23, 35,000/-<br>398/3.3.23, 35,000/-<br>ആകെ – 1,54,677/- രൂപ<br>(വാഹന വാടക നൽകിയ ബില്ലുകൾ) |

Rate And Amount For Deduction Of TDS For Car Hire Charges Under Section 194C Of The Income Tax Act, 1961, പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. ടി പ്രോജക്റ്റിൽ വാഹന വാടക ഇനത്തിൽ കരാറുകാരന് 1,54,677/- രൂപ അനുവദിച്ചിട്ടുണ്ട് എന്നാൽ ഇവിടെ കരാറുകാരനായ ശ്രീ.റീജ.കെ.ആർ ൽ നിന്നും ടി തുക ഈടാക്കിയതായി കാണുന്നില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.-19, തീയതി : 13.10.2023) ലഭ്യമാക്കിയ മറുപടിയിൽ, ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 2022-23 വർഷത്തിൽ ഈടാക്കേണ്ടിയിരുന്ന 1546/- രൂപയും 2023-24 വർഷത്തിൽ ഇതുവരെ നൽകിയ 2,28,629/- രൂപയിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 2286/- രൂപയും ഉൾപ്പെടെ ആകെ 3832/- രൂപ സെപ്റ്റംബർ മാസത്തെ ബില്ലിൽ കുറവ് ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-34 ഹരിത കർമ്മസേനാ പ്രവർത്തനത്തിനായി ലഭിച്ച ഇലക്ട്രിക് വാഹനം നിഷ്ക്രിയ ആസ്തിയായി തുടരുന്നു

ഗ്രാമപഞ്ചായത്തിന് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾക്കായി ലഭിച്ച KL 21 X 9062 ഇലക്ട്രിക് വാഹനം ഓഫീസ് പരിസരത്ത് നിഷ്ക്രിയമായി കാണപ്പെട്ടതിനെ തുടർന്ന് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 26-04-2023 ൽ ടൌൺ വാർഡിൽ പ്ലാസ്റ്റിക് എടുക്കാൻ പോയതിന് മാത്രമാണ് ടി വാഹനം ഉപയോഗിച്ചിട്ടുള്ളത് എന്ന് കണ്ടു. (വാഹനത്തിന് പ്രത്യേകം ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല. നിലവിൽ പ്ലാസ്റ്റിക് എടുക്കുന്നതിനായി ഉപയോഗിക്കുന്ന മറ്റൊരു ഇലക്ട്രിക് വാഹനത്തിന്റെ ലോഗ് ബുക്കിലാണ് ടി വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരവും രേഖപ്പെടുത്തിയിരിക്കുന്നത്). വാഹനം ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടും വാഹനം ഗ്രാമപഞ്ചായത്തിന് കൈമാറിയ തീയതി ആവശ്യപ്പെട്ടും നിലവിൽ ഈ വാഹനം എത്ര കിലോ മീറ്റർ ദൂരം ഓടിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടും നല്കിയ ഓഡിറ്റ് എൻക്വയറി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്കിൽ നിന്നും ലഭ്യമായ വാഹനം ഹരിതകർമ്മസേനയ്ക്ക് പ്ലാസ്റ്റിക് കൊണ്ടുപോകാൻ സാധിക്കുന്ന തരത്തിലുള്ളതല്ലെന്നും ഭാരംകയറ്റിയാൽ വാഹനം മറിയുന്നതാണെന്നും വി.ഇ.ഒ യും ഹരിതകർമ്മസേനാ പ്രവർത്തകരും വാക്കാൽ അറിയിച്ചിട്ടുണ്ട്. കൂടാതെ ടി വാഹനം കയറ്റം കയറില്ല എന്നതും അറിയിച്ചിട്ടുണ്ട്. വാഹനത്തിന്റെ കാര്യശേഷിയില്ലായ്മ കാരണം നിലവിൽ ഈ വാഹനം നിഷ്ക്രിയ ആസ്തിയായി ഗ്രാമപഞ്ചായത്ത് പരിസരത്ത് സൂക്ഷിച്ചിരിക്കുകയാണ്. വിതരണം ചെയ്ത വാഹനത്തിന്റെ ഗുണനിലവാരമില്ലായ്മ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി വാഹനത്തിന്റെ അപാകങ്ങൾ പരിഹരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വഴി വാഹന നിർമ്മാതാവിനോട് ആവശ്യപ്പെടാവുന്നതാണ്. ഭരണസമിതി ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും വാഹനം പ്രവർത്തന ക്ഷമമാക്കേണ്ടതുമാണ്.

## 1-35 ലിമിറ്റഡ് ടെൻഡർ നടപടി ക്രമങ്ങൾ പാലിക്കാതെ ഹരിതകർമ്മ സേനയ്ക്കായി സാധനങ്ങൾ വാങ്ങി

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | അജൈവ മാലിന്യ സംസ്കരണം ഹരിത കർമ്മസേന പ്രവർത്തനങ്ങൾ, 162/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 200000 – ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 126700 – (ബിൽ നം. 455/16-03-2023) |

ആനാട് ഗ്രാമപഞ്ചായത്തിലെ 38ഹരിതസേനാംഗങ്ങൾക്ക് വാർഡ് തല അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സാധനങ്ങൾ വാങ്ങി നൽകുന്നതിനായി " അജൈവ മാലിന്യ സംസ്കരണം ഹരിത കർമ്മസേന പ്രവർത്തനങ്ങൾ " എന്ന പദ്ധതി പദ്ധതി വഴി (162/23) 200000 രൂപ വകയിരുത്തുകയും 126700 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് . ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | എണ്ണം | റേറ്റ് | തുക |
|---|---|---|---|---|
| 1 | യൂണിഫോം കോട്ട് | 76 | 590 | 44840 |
| 2 | തൊപ്പി | 38 | 75 | 2850 |
| 3 | തുണി സഞ്ചി | 38 | 185 | 7030 |
| 4 | ഐ.ഡി കാർഡ് | 38 | 150 | 5700 |
| 5 | ബൂട്ട് | 38 | 480 | 18240 |
| 6 | രസീത് ബുക്ക് | 1000 | 45 | 45000 |
| 7 | ഗ്ലൌസ് | 38 | 80 | 3040 |
| ആകെ | | | | 126700 |

വീ ടെൻ എക്കോ ഗ്രൂപ്പ് എന്ന സ്ഥാപനത്തിൽ നിന്നാണ് ടി സാധനങ്ങൾ വാങ്ങിയിരിക്കുന്നത്.

100000 രൂപയ്ക്ക് മുകളിൽ (1000000 വരെ) എസ്റ്റിമേറ്റ് തുകയുള്ള സ്റ്റോറുകൾ വാങ്ങുമ്പോൾ ലിമിറ്റഡ് ടെൻഡർ ഉപയോഗിക്കണമെന്നിരിക്കെ ക്വട്ടേഷന്റെ അടിസ്ഥാനത്തിലാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. ആയതിന്റെ കാരണം വ്യക്തമല്ല (ഓഡിറ്റ് എൻക്വയറി നം. 31). പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിൽ മേൽപ്പറഞ്ഞ ഉത്പന്നങ്ങൾ വിതരണം ചെയ്യാൻ സന്നദ്ധത കാണിച്ച 3 സ്ഥാപനങ്ങളുടെ ക്വട്ടേഷൻ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത വീ ടെൻ എക്കോ ഗ്രൂപ്പ് എന്ന സ്ഥാപനത്തിന്റെ ടെൻഡറാണ് ഭരണ സമിതി അംഗീകരിച്ചത്. എന്നാൽ മറ്റ് രണ്ട് സ്ഥാപനങ്ങളുടെ ക്വട്ടേഷൻ സംബന്ധമായ കത്തുകൾ പരിശോധിച്ചതിൽ (എൻടസ്റ്റ് ഈവന്റ് മാനേജ്മെന്റ് പട്ടം, ലതിക സ്റ്റേഷനറി & ഫാൻസി സെന്റർ പഴകുറ്റി, നെടുമങ്ങാട്) രണ്ട് കത്തുകളും അതിന്റെ ഉള്ളടക്കത്തിൽ സാമ്യത പുലർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥാപനത്തിന്റെ പേരുകളിലും ക്വാട്ട് ചെയ്തിരിക്കുന്ന തുകയിലെയും വ്യത്യാസം ഒഴിവാക്കിയാൽ ഒരു

കത്തിന്റെ പകർപ്പ് എന്ന നിലയ്ക്കാണ് അടുത്ത കത്തിലെ ഉള്ളടക്കം. ഒരു കത്തിലെ അക്ഷരത്തെറ്റുകൾ പോലും അടുത്ത സ്ഥാപനത്തിന്റെ കത്തിൽ അതേപടി ആവർത്തിച്ചിരിക്കുന്നു. രണ്ട് വ്യത്യസ്ത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷൻ സംബന്ധിയായ കത്തിലെ ടി സാമ്യത യാദൃശ്ചികം എന്ന് അംഗീകരിക്കുക സാമാന്യ ബുദ്ധിക്ക് നിരക്കുന്നതല്ല. ആയതിനാൽ 3 വ്യത്യസ്ത സ്ഥാപനങ്ങളുടെ ക്വട്ടേഷൻ വാങ്ങൽ നടപടിക്കായി സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻക്വയറി നം. 31 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പദ്ധതിയ്ക്കായി ക്വട്ടേഷനുകൾ ക്ഷണിച്ച് പരസ്യം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, സ്ഥാപനവുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയതും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-36 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 126/2022-23 |
| പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| ആകെ അടങ്കൽ | 475000/- (വി.ഫ. 237500)<br>( 237500/- മറ്റുള്ളവ) |
| ആകെ ചെലവ് | 237500/- (വി.ഫ) |
| ബിൽ നം. തീയതി/തുക | 16/23 Dtd. 24.2.23, Rs. 237500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 237500/- രൂപ സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിങ്ങ് പ്രോഗ്രാം ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് 24.2.23 ൽ കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-37 മുറ്റത്തൊരു മീൻ തോട്ടം - ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലെ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം. | 114/2022-23 |
| പേര് | മുറ്റത്തൊരു മീൻതോട്ടം |
| അടങ്കൽ | 240000/- 96000 (വി.ഫ )<br>144000 – (മെ.ഫ.മറ്റുള്ളവ) |
| ചെലവ് | 24000/- (വി.ഫ) |
| ബിൽ നം. | ബിൽ നം. 2/23 Dtd. 23.3.23, Rs. 8000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് ഓഫീസർ |

വിഷരഹിത മത്സ്യം ജനങ്ങളിൽ എത്തിക്കുക, വരുമാനം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയതാണ് മുറ്റത്തൊരു മീൻതോട്ടം എന്ന പദ്ധതി. ഗുണഭോക്താക്കൾ 5ലക്ഷം രൂപയിൽ താഴെ വരുമാനം ഉള്ളവരായിരിക്കണം. ടി പദ്ധതി പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് 8000/- രൂപ വീതം സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ ശ്രീമതി.ഉപന്യ.യു.ബി എന്ന ഗുണഭോക്താവ് ഗ്രാമ സഭ തിരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രോജക്റ്റ് ഫയലിനോടൊപ്പം വച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റിൽ സബ്സിഡി ആനുകൂല്യത്തിന് അർഹതയുള്ളവർ ഉണ്ടായിരിക്കെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്ത ആൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം .26/18.10.23) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട് (മറുപടി നം. MB/KTDA/10/2023, Dt.19/10/23). 9.3.2023 ൽ നടന്ന അടിയന്തിര മീറ്റിംഗിലെ തീരുമാനം നമ്പർ.4 പ്രകാരം അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടയാളാണെന്നും , നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ആളുകൾ പദ്ധതിചെയ്യാൻ തയ്യാറാകാത്തതിനാലാണ് വാർഡ് മെമ്പർമാരുടെ ലിസ്റ്റ് കമ്മിറ്റി പരിഗണിച്ചതെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കാൻ താൽപര്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നത് ഉചിതമായിരിക്കുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (ചെലവു പത്രിക പ്രകാരം) | നീക്കിയിരിപ്പ് AFS പ്രകാരം | യഥാർത്ഥ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 651482 | 2188722 | 2840204 | 2338722 | 651482 | 501482 |

ജില്ലാ പഞ്ചായത്ത്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (ചെലവു പത്രിക പ്രകാരം) | നീക്കിയിരിപ്പ് AFS പ്രകാരം | യഥാർത്ഥ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 676006 | 2122425 | 2798431 | 2150925 | 676006 | 647506 |

ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ നീക്കിയിരിപ്പിലെ വ്യത്യാസം വാർഷിക ധനകാര്യ പത്രികയിലെ അപാകതയായി പരാമർശിച്ചിട്ടുണ്ട്.

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് 2022-23 | | | ഹരിതഭവനം | 70000 |
| 2 | | | | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 491625<br>28500 |
| 3 | | | | ന്യൂലൈഫ് ലക്ഷം വീട് കോളനി അടിസ്ഥാന സൗകര്യ വികസനം-വീടുകൾ വാസയോഗ്യമാക്കൽ (എസ് സി പി) | 120000 |
| 4 | | | | ലക്ഷം വീട് മെയിന്റനൻസ് ജനറൽ | 180800 |
| 5 | | | | ന്യൂലൈഫ് ലക്ഷം വീട് കോളനി അടിസ്ഥാന സൗകര്യ വികസനം-വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) | 550000 |
| 6 | | | | ലൈഫ് മിഷൻ രണ്ടാം ഘട്ടം എസ്.സി. അഡീഷണൽ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം | 540000 |
| 7 | | | | ലൈഫ് ഭൂമി വാങ്ങി വന്നവർക്കുള്ള ഭവന നിർമ്മാണ പദ്ധതി- ജനറൽ | 120000 |
| 8 | | | | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി | 50000 |
| | | | | ആകെ | 2150925 |
| 1 | ബ്ലോക്ക് പഞ്ചായത്ത് 2022-23 | | | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 491625 |
| 2 | | | | ലൈഫ് മിഷൻ രണ്ടാം ഘട്ടം ഭൂമി വാങ്ങി വന്നവർക്കുള്ള ഭവന നിർമ്മാണ പദ്ധതി- ജനറൽ | 1060000 |
| 3 | | | | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി | 128097 |
| 4 | | | | പാലിയേറ്റീവ് കെയർ | 150000 |
| 5 | | | | ലൈഫ് മിഷൻ രണ്ടാം ഘട്ടം എസ് സി അഡീഷണൽ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് | 509000 |

| | | | | |
|---|---|---|---|---|
| | | | ഭവന നിർമ്മാണ ധനസഹായം | |
| | | | ആകെ | 2338722 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | | 5219286 | 0 | 6474586 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ഗ്രാമ പഞ്ചായത്തുകളുടെ കുഴൽക്കിണറുകളുടെ നിർമ്മാണ തുക കൈമാറൽ രണ്ടാം ഘട്ടം | 0 | 603000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ /വായ്പാതരിച്ചടവ്

2022-2023 സാമ്പത്തിക വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ യൂ ആർ ഡി എഫ് സി ലോൺ ലൈഫ് മിഷൻ | ഇല്ല | 2760000 | 40239138 | 2760000 | 3858184 | -- | 39140954 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 15175179 |
| ഓഡിറ്റ് വർഷത്തെ വരവ് | 66575036 |
| ആകെ | 81750215 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 61206426 |
| നീക്കിയിരിപ്പ് | 20543789 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 111715 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 13040 | ഷാരോൺ ബിൻ റഷീദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 5861 | |
| 1-30 | 76469 | |
| 1-31 | 5044 | |
| 1-32 | 11301 | |
| ആകെ | 111715 | |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാരോൺ ബിൻ റഷീദ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ആനാട് ഗ്രാമപഞ്ചായത്ത് | സെനാന കോളേജ് റോഡ്, ആറ്റിങ്ങൽ .പി.ഒ - 695101 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (51) |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (45) |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (3-3 (ബി)) |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (3-1) |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (3-3) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 1 (3-5) |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 5 (2-4, 3-3, 3-4, 3-5, 3-7) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 16 (2-1, 2-2, 3-1 മുതൽ 3-13 വരെ) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 3 (2-3, 3-4 (1), 3-4 (5)) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 6 (3-1, 3-2, 3-3, 3-6, 3-7, 3-9) |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 13<br>(2-1, 2-2, 3-1, 3-2, 3-3, 3-9, 3-9 (Iii), 3-10, 3-11, 3-12 (1), 3-12 (2), 3-14, 3-15) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1819/2022 തീയതി. 01.10.2022 | 4<br>(2-1 (1), 3-6, 3-7 (1), 3-7 (2)) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2251/2018 തീയതി. 01.07.2019 | 42 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/93/2020 തീയതി. 10.03.2020 | 12 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/948/2021 തീയതി. 07.04.2021 | 30 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/393/2022 തീയതി. 27.05.2022 | 30 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2142/2022 തീയതി. 13.02.2023 | 32 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 04-08-2023 and submitted on 07-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Anadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Anadu Grama Panchayat for the year 2022-2023

Date: 13/12/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Anadu Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. Mandatory financial statement prescribed in accounting rules such as financial ratios, notes on accounts are not submitted for audit.
2. The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.
3. Asset register not updated and certified by competent authority.
4. Net increase in cash flow (5368610/-) does not match with the difference between the opening balance of cash and cash equivalents (28318406/-).
5. cheque issued but not presented in to bank which has been expired as per the reconciliation statement (Amount 14345/-) has not been transferred to the head of Stale Cheques. Details given below.

| Bank | cheques issued but not |
|---|---|

| | |
|---|---|
| | presented in to bank |
| Sub Treasury (Own Fund) (799013000000467) | 14345 |

6. The following amounts are recorded as Cheque deposited but not credited as per Bank reconciliation statement (March 2023) of canara Bank. Further action not taken. Details given below.

| Voucher No. | Instrument date | Amount |
|---|---|---|
| 119090900083 | 18/3/20 | 769 |
| 119090900054 | 29/4/20 | 7250 |
| 11909090001 | 26/5/20 | 12000 |
| 118091000001 | 3/9/2018 | 15750 |
| 1190950001 | 29/7/19 | 9036 |

7. The demand, collection and balance amounts as per property tax Sanchaya Statement are not matching with the annual financial statement.

| Item | Demand | Collection as per Receipt and Payment Register | Collection as per Register |
|---|---|---|---|
| Rent from Buildings | 260052 | 218692 | Not recorded |
| Auction | 107500 | 107500 | Not recorded |
| Profession tax -Traders | 450060 | 154310 | Not recorded |
| Profession Tax employees | 1212811 | 1179561 | 1212811 |
| License Fee for Factories, Traders, Entrepreneurs and other services | 311940 | 279940 | 233592 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്